(INDIAN THOZHILALY ONLINE MAGAZINE)

www.indianthozhilaly.com

# ഇന്ത്യൻ തൊഴിലാളി

അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

ലക്കം 1
15 ഫെബ്രുവരി 2026,
മാസിക, തിരുവനന്തപുരം




## തൊഴിലാളികളുടെ സ്വരം ഒന്നാകണം സഞ്ജീവ റെഡ്ഡി

## ലീഡറുടെ പടയോട്ടങ്ങൾ

## ആർ.എം. പരമേശ്വരന്റെ അരനൂറ്റാണ്ട്

## നേതാക്കളെ അണികൾ തിരുത്തി തുടങ്ങി

## ട്രഷറിയിൽ പൂച്ച പെറ്റു കിടക്കുന്നു വി.ഡി. സതീശൻ





**കൈയിലൊരിന്ദ്രധനുസ്സുമായ്**
**കാറ്റത്ത് പെയ്യാൻ വന്ന**
**തുലാ വർഷ മേഘമേ**
**മറക്കില്ല കേരളം**
**ഈ മാലാഖ കുഞ്ഞിനെ**
**മറക്കില്ല**
**മറക്കില്ലൊരിക്കലും**

(INDIAN THOZHILALY ONLINE MAGAZINE)
# ഇന്ത്യൻ തൊഴിലാളി
അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം
www.indianthozhilaly.com

## ഉൾപേജുകളിൽ

മതരാഷ്ട്രീയ വാദം
**അതിരു വിടുന്നു**
ചിങ്ങന്നൂർ മനോജ് ........ 04

പ്രതിഷേധം
**ശക്തം, വ്യാപകം**
രാഷ്ട്രീയ ലേഖകൻ ........ 08

മാറുന്ന സാഹചര്യങ്ങളിൽ
മാറേണ്ട തൊഴിൽ കോഡുകൾ -
**മൂന്നാം തൊഴിൽ കമ്മീഷനെ നിയോഗിക്കുക.**
അഡ്വ. തമ്പാൻ തോമസ് ........ 10

ആർ.എം. പരമേശ്വരന്റെ
**അരനൂറ്റാണ്ട്**
പി. സുധാകരൻ ........ 14

കറ പുരളാത്ത
**രാഷ്ട്രീയ വ്യക്തിത്വം : സി. ദിവാകരൻ**
രാഷ്ട്രീയ ലേഖകൻ ........ 16

ഇടതുപക്ഷം കരിങ്കാലികളായ
**ഒരുപതിറ്റാണ്ട്**
അഡ്വ. ബിന്ദു കൃഷ്ണ ........ 18

'ദീദി' വിളിച്ചിട്ടും
**'ഭായിമാർ' പോയില്ല**
മീര നായർ ........ 22

'നേതൃത്വത്തെ അണികൾ
**തിരുത്തി തുടങ്ങി**
പ്രദീപ് മേനോൻ ........ 24

ഇടത് ഭരണം:
**സഹയാത്രികർക്കും സഹികെട്ടു**
കെ. ചന്ദ്രശേഖരൻ ........ 26

വർഗീയതയെ പാലൂട്ടിയും
**പീഡന പർവ്വം തുറന്നും**
അനി കുര്യൻ (രാഷ്ട്രീയ നിരീക്ഷകൻ) ........ 29

അതിപ്രഗത്ഭരുടെ
**ആദ്യ നിയമസഭ**
മാർട്ടിൻ ശബരിഗിരി ........ 32

അനധികൃത നിയമനങ്ങൾ സ്ഥിരപ്പെടുത്തി തുടങ്ങി
**ഇനിയും പൂട്ടാത്ത പിൻ വാതിൽ**
കൊച്ചുത്രേസ്യാ ജോയി ........ 35

മനുഷ്യരെക്കാൾ
**നന്ദിയുണ്ട്**
**മരങ്ങൾക്ക്** ........ 38



06
**തൊഴിലാളികൾക്ക് ഒരു സ്വരം മതി - സഞ്ജീവ റെഡ്ഡി**



ലീഡറുടെ
**പടയോട്ടങ്ങൾ**
കെ.പി. തമ്പി കണ്ണാടൻ
20

ലക്കം 1
15 ഫെബ്രുവരി 2026,
മാസിക, തിരുവനന്തപുരം

ഇന്ത്യൻ തൊഴിലാളി
അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

മാനേജിംഗ് എഡിറ്റർ
**ആർ. എം. പരമേശ്വരൻ**

ചീഫ് എഡിറ്റർ
**ചിങ്ങന്നൂർ മനോജ്**

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
**കെ. പി. ഹരിദാസ്**

എക്സിക്യൂട്ടിവ് എഡിറ്റർ
**കടവിള ഷാജി**

കോർഡിനേറ്റർ
**പി. സുധാകരൻ**

ജനറൽ മാനേജർ
**ജി. അനിൽ കുമാർ**

എഡിറ്റോറിയൽ ബോർഡ്
**എ. ഷാജഹാൻ**
**സിയാദ് മലങ്ങാടൻ**
**വി.പി. ജോർജ്**
**പി.ടി. ജോൺ**
**വർഗ്ഗീസ് ജോസഫ്**
**ഷീലാ വേണുഗോപാൽ**

അഡ്വൈസറി ബോർഡ് ചെയർമാൻ
**കല്ലംപള്ളി കൃഷ്ണൻ നായർ**

അഡ്വൈസറി ബോർഡ്
**കൊച്ചുത്രേസ്യാ ജോയി**
**മീര നായർ**
**വി.ടി. നന്ദകുമാർ**
**കായംകുളം യൂനുസ്സ്**

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
**രാഹുൽ. കെ. ആർ**

ടൈപ്പ് സെറ്റിംഗ്
**മായ. ഡി**

ഇ-മെയിൽ: indianthozhilaly@gmail.com

Follow us on
indianthozhilaly indianthozhilaly









ചീഫ് എഡിറ്റർ എഴുതുന്നു

# മതരാഷ്ട്രീയ വാദം അതിരു വിടുന്നു


രാജ്യത്ത് വളർന്നുവരുന്ന അസഹിഷ്ണുതയും അതിരുവിടുന്ന മതരാഷ്ട്രീയവാദവും കഴിഞ്ഞ ഒരു പതിറ്റാണ്ട് കാലമായി നമ്മുടെ രാജ്യത്തെ അഖണ്ഡ ഭാരതം എന്ന സ്വപ്നത്തിൽ നിന്ന് ഏറെ ദൂരം അകലേക്ക് കൊണ്ടുപോയിരുന്നു. അതിന് പ്രധാന ഘടകങ്ങളായി വർത്തിക്കുന്നത് പുത്തൻ പ്രചാരണ തന്ത്രങ്ങളും പ്രകടമായ മത/ ജാതി തിരിച്ചുള്ള സംവാദങ്ങളുമാണ്. രാജ്യത്ത് മതപരമായ അസമത്വം ഉണ്ടെന്ന് വരുത്തിതീർക്കുന്ന പ്രചാരണങ്ങളും ഭൂരിപക്ഷ/ ന്യൂനപക്ഷ വിവാദങ്ങളും ആരാധനാലയങ്ങളിലെ വരുമാനവും അതിന്റെ ഭരണപരമായ ലാഭ നഷ്ടങ്ങളുമെല്ലാം ഭരണഘടനക്ക് പുറത്തേക്ക് കൊണ്ടുവരാനും ഇത്തരം സ്രോതസ്സുകളെ രാഷ്ട്രീയ പാർട്ടികൾക്ക് തെരഞ്ഞെടുപ്പ് മൂലധനമാക്കി മാറ്റാനുമുള്ള ശ്രമങ്ങൾ പരക്കെ ഉണ്ടാവുകയും ചെയ്തു. തന്മൂലം ആദർശം മുറുകെ പിടിക്കുന്നവരെയും ഇത്തരം മൂല്യച്യുതികളെ അപലപിക്കുന്നവരേയും കാലഹരണപ്പെട്ടവർ എന്ന് ആക്ഷേപിക്കുന്നതും സ്വാഭാവികമായിരിക്കുന്നു. അതിന് ഉദാഹരണമാണ് 56 വർഷം രാജ്യം ഭരിച്ച സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന ദേശീയ പ്രസ്ഥാനത്തിന് ഡൽഹി കോർ

പ്പറേഷൻ വക വാടക സ്ഥലത്ത് സാധാരണ സൗകര്യങ്ങളുള്ള ഒരു ആസ്ഥാന മന്ദിരമേ ഉള്ളൂ എന്ന പരിഹാസം. കേവലം അരനൂറ്റാണ്ടു കൊണ്ട് ജന്മം കൊണ്ട പ്രസ്ഥാനങ്ങൾ കോർപ്പറേറ്റ് ആസ്ഥാനങ്ങളെ വെല്ലുന്ന ഏഴ് നക്ഷത്ര സൗകര്യങ്ങളോട് കൂടിയ സൗധങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കി മുന്നോട്ടുപോകുന്ന വരെ ശ്ലാഘിക്കുകയും ആദർശത്തിൽ അടിയുറച്ച് നില്ക്കുന്നവരെ തള്ളിപ്പറയുകയും ചെയ്യുന്നത് നേരത്തേ സൂചിപ്പിച്ച മതരാഷ്ട്രീയ വാദവുമായി കൂട്ടി വായിക്കേണ്ടതാണ്. രാജ്യത്ത് നിലനിന്നിരുന്ന ആദർശ രാഷ്ട്രീയത്തിന്റെയും മതസഹിഷ്ണുതയുടെയും മാർഗ്ഗത്തിൽ നിന്ന് നമ്മുടെ പുതുതലമുറയെ ബോധ പൂർവ്വം വഴിതെറ്റിക്കുന്നതായി കാണാൻ സാധിക്കും.

രാഷ്ട്രത്തിന്റെ പ്രഥമ പ്രധാന മന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തമിഴ്നാട് മുഖ്യമന്ത്രി കെ.കാമരാജ് നാടാരോടൊപ്പം യാത്ര ചെയ്യവെ അദ്ദേഹത്തിന്റെ മാതാവിനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ വയലിൽ പണിയെടുക്കുന്ന ഒരു കൂട്ടം സ്ത്രീകളുള്ള സ്ഥലത്ത് കാർ നിർത്തി. അമ്മാ കൊഞ്ചം ഇങ്കെ വാങ്കളെ ഉങ്കളെ പാക്കറുതുക്ക് മുഖ്യമാന ഒരുവർക്ക് ആശൈ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞപ്പോൾ യാര് കാമരാസോ ദോ വറേൻ എന്ന് പറഞ്ഞു നട്ടുകൊണ്ടിരുന്ന ഞാറ്റു കറ്റയുമായി കാറിനരികിൽ വന്ന അമ്മയോട് ഇവറുതാന്മാ ഇന്ത്യാവുടെ പ്രഥമര് എന്ന് പരിചയപ്പെടുത്തി കാമരാജ്. തോട്ടം തൊഴിലാളികളുടെ പരാതികൾ കേൾക്കാൻ നെല്ലിയാംപതിയിലെ ലയങ്ങളിലെത്തി രാത്രി ഏറെ വൈകിയും തൊഴിലാളികളുടെ പരാധീനതകൾകേട്ട് യൂണിയനാഫീസിൽ കിടന്നുറങ്ങി. മൂത്രമൊഴിക്കാൻ പുറത്തിറങ്ങിയപ്പോൾ കാലിൽ കടിച്ച അട്ട കുടിക്കാവുന്നത്ര ചോര കുടിച്ചു വിട്ട് പോയപ്പോൾ കിടന്നിരുന്ന ബഞ്ചിനടിയിൽ കാലത്ത് ഇറ്റുവീണ രക്തം കൊടുതണുപ്പത്തു ഉറഞ്ഞ് കിടക്കുന്നത് നോക്കി ക്ഷമാപണം നടത്തിയ ഓഫീസ് സെക്രട്ടറിയെ സാരമില്ലെന്ന് പറഞ്ഞ് ആശ്വസിപ്പിച്ച കെ. കരുണാകരനോ മതസൗഹാർദ്ദത്തിന്റെ നാഴികകല്ലായി നിലനിന്നിരുന്നു. ബാബറി മസ്ജിദ് അടിച്ചു തകർക്കുമ്പോൾ എല്ലാ വിശ്വാസികളായ ഇസ്ലാമുകളും പള്ളിയിൽ പോയി അവർ ചെയ്യുന്ന അപരാധം പൊറുത്ത് വിദ്വേഷം മനസ്സിൽ നിന്ന് കളയാൻ പടച്ചതമ്പുരാനോട് പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്ത പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെ പോലുള്ള ഉറച്ച മതവിശ്വാസികളാണ് മുൻകാലനേതാക്കൾ അതേസമയം ഭരണഘടനയും ജനാധിപത്യത്തോടുമുള്ള അചഞ്ചലമായ പ്രതിബദ്ധതയും മനുഷ്യസ്നേഹവും ഉള്ളിൽ നിന്ന് മാറി പുത്തൻ പ്രചാരണ തന്ത്രങ്ങൾക്ക് വഴങ്ങി ഭിന്നിപ്പിക്കുക ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രം വീണ്ടും നമുക്കിടയിലേക്ക് വരികയാണ്. തൊഴിലാളി സമൂഹത്തെ പോലും ഇത്തരത്തിൽ ഭിന്നിപ്പിച്ച് കോർപ്പറേറ്ററുകൾക്ക് ഇരയാക്കിക്കൊടുക്കുന്ന ഭരണകൂടത്തിന്റെയും സാമ്പത്തിക ശക്തികളുടെയും കുത്തകവൽക്കരണം ആപത്താണ് എന്ന് തിരിച്ചറിയേണ്ടുന്ന കാലം വന്നു ചേർന്നിരിക്കുന്നു എന്നും ഓർമ്മപ്പെടുത്തട്ടെ.

> ബാബറി മസ്ജിദ് അടിച്ചു തകർക്കുമ്പോൾ എല്ലാ വിശ്വാസികളായ ഇസ്ലാമുകളും പള്ളിയിൽ പോയി അവർ ചെയ്യുന്ന അപരാധം പൊറുത്ത് വിദ്വേഷം മനസ്സിൽ നിന്ന് കളയാൻ പടച്ചതമ്പുരാനോട് പ്രാർത്ഥിക്കാനും ആഹ്വാനം ചെയ്ത പാണക്കാട് സെയ്ദ് മുഹമ്മദലി ശിഹാബ് തങ്ങളെ പോലുള്ള ഉറച്ച മത വിശ്വാസികളാണ് മുൻകാലനേതാക്കളും അതേസമയം ഭരണഘടനയേയും ജനാധിപത്യത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും മനുഷ്യസ്നേഹവും ഉള്ളിൽ നിന്ന് മാറി പുത്തൻ പ്രചരണ തന്ത്രങ്ങൾക്ക് വഴങ്ങി ഭിന്നിപ്പിക്കുക ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രം വീണ്ടും നമുക്കിടയിലേക്ക് വരികയാണ്.



ചിങ്ങന്നൂർ മനോജ്

പാർലമെന്റിനെ
നോക്കുകുത്തിയാക്കുന്നു



# തൊഴിലാളികൾക്ക് ഒരു സ്വരം മതി - സഞ്ജീവ റെഡ്ഡി

തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് എല്ലാ ട്രേഡ് യൂണിയനുകളുടെയും സ്വരം ഒന്നായി മാറണമെന്ന് ഐ.എൻ.റ്റി. യു.സി. ദേശീയ പ്രസിഡന്റ് ഡോ. ജി. സഞ്ജീവ റെഡ്ഡി ആഹ്വാനം ചെയ്തു കിരാതമായ തൊഴിൽ നിയമങ്ങൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കേണ്ട ഘട്ടമാണിതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

തൊഴിലാളികളുടെ അവകാശവും ക്ഷേമവും സംരക്ഷിക്കണമെങ്കിൽ എല്ലാ യൂണിയനുകളും അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. ദേശീയ പ്രസിഡന്റ് ഡോ. ജി. സഞ്ജീവറെഡ്ഡി ആഹ്വാനം ചെയ്തു. തൊഴിലാളികൾക്ക് ഒരേയൊരു സ്വരം മതി. പത്ത് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത സമിതി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ സംസാരിക്കുകയായിരുന്നു. അദ്ദേഹം സാമ്പത്തികമായും മൂലമുള്ള ദേശീയ പ്രതിസന്ധിയും തൊഴിലില്ലായ്മയുടെ ആശങ്കപ്പെടുത്തുന്ന കണക്കുകളും അസമത്വത്തിന്റെ വളർച്ചയും ജനാധിപത്യം നേരിടുന്ന വെല്ലുവിളികളും ഇൻഡ്യയുടെ നട്ടെല്ലായ തൊഴിലാളി വർഗ്ഗത്തിനു നേരെയുള്ള കടന്നാക്രമണങ്ങളും അദ്ദേഹം പരാമർശിച്ചു. തൊഴിലാളികളുമായി ആലോചിക്കാതെയാണ് പുതിയ തൊഴിൽ നിയമനങ്ങൾ അടിച്ചേല്പിക്കാൻ പോകുന്നത്.

**പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ദുരുപയോഗിച്ച് പുതിയ തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നപ്പോൾ ട്രേഡ് യൂണിയനുകൾ ദുർബലമായി, കൂട്ടായ വിലപേശലിനുള്ള അവസരം നഷ്ടപ്പെട്ടു. സമരം ചെയ്യാനുള്ള അവകാശത്തിനും നിയന്ത്രണങ്ങളുണ്ടായി. എഴുപത് ശതമാനത്തോളം സ്ഥാപനങ്ങൾ തൊഴിൽ നിയമങ്ങളുടെ പിടിയിൽ നിന്നും വഴുതിപ്പോയി.**

പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ദുരുപയോഗിച്ച് പുതിയ തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നപ്പോൾ ട്രേഡ് യൂണിയനുകൾ ദുർബലമായി, കൂട്ടായ വിലപേശലിനുള്ള അവസരം നഷ്ടപ്പെട്ടു. സമരം ചെയ്യാനുള്ള അവകാശത്തിനും നിയന്ത്രണങ്ങളുണ്ടായി. എഴുപത് ശതമാനത്തോളം സ്ഥാപനങ്ങൾ തൊഴിൽ നിയമങ്ങളുടെ പിടിയിൽ നിന്നും വഴുതിപ്പോയി. വലിയ വിഭാഗം തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഇല്ലാതായി. തൊഴിൽ സംരക്ഷണവും അവതാളത്തിലായി.

ദേശീയ കൺവെൻഷൻ പുതിയ തൊഴിൽ നിയമങ്ങളെ ഐകകണ്ഠേന തള്ളി. തൊഴിലുറപ്പ് പദ്ധതിയെ പഴയതുപോലെ നിലനിർത്തണമെന്ന് കൺവെൻഷൻ തൊഴിലാളികളോടും കർഷകരോടും യുവജനങ്ങളോടും വിദ്യാർത്ഥികളോടും എല്ലാ ജനാധിപത്യ ശക്തികളോടും ആഹ്വാനം ചെയ്തു.

എല്ലാ ഗ്രാമീണ വനിതകൾക്കും 100 ദിവസത്തെ വേതനം ഉറപ്പാക്കുന്ന ദേശീയ തൊഴിലുറപ്പു പദ്ധതി വെള്ളം ചേർക്കാതെ പുന:സ്ഥാപി ക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു. യു.പി.എ ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും ഫലപ്രദമായ തൊഴിലുറപ്പു പദ്ധതി വെള്ളം ചേർക്കാതെപുനസ്ഥാപിക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു. യു.പി.എ ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും ഫലപ്രദമായ തൊഴിലുറപ്പ് പദ്ധതി ഗ്രാമങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വലിയ പങ്ക് വഹിച്ചതായി കൺവെൻഷൻ ചൂണ്ടിക്കാട്ടി.






### കാടൻ നിയമങ്ങൾക്കെതിരെ

# പ്രതിഷേധം ശക്തം, വ്യാപകം

രാഷ്ട്രീയ ലേഖകൻ

പുതിയ തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നാൽ എട്ട് മണിക്കൂർ തൊഴിൽ എന്ന തത്ത്വം അട്ടിമറിക്കപ്പെട്ടേയ്ക്കുമെന്ന് തൊഴിലാളികൾ ഭയക്കുന്നു. മിനിമം കൂലി ഇനിയും പ്രഖ്യാപിച്ചിട്ടുമില്ല. നേരത്തെ ഒരു വിദഗ്ധസമിതി പ്രഖ്യാപിച്ച 175 രൂപയാകട്ടെ അന്തസ്സായി ജീവിക്കാൻ മതിയായ വേതനവുമല്ല. പുതിയകാടൻ നിയമങ്ങൾക്കെതിരെ ഉയരുന്ന പ്രതിഷേധങ്ങൾ ശക്തവും വ്യാപകവുമാണ്. ഫെബ്രുവരി 12ന് നടന്ന പൊതുപണിമുടക്ക് പല സ്ഥലങ്ങളിലും ബന്ദായി മാറുന്ന കാഴ്ചയാണ് കണ്ടത്. പ്രക്ഷോഭം ഇനിയും ആളിപ്പടരാനാണ് സാധ്യത.

പുതിയ തൊഴിൽ നിയമങ്ങൾ എന്ന പേരിൽ അടിച്ചേല്പിച്ച കാടൻ നിയമങ്ങൾക്കെതിരെ രാജ്യവ്യാപകമായി അലയടിച്ച പ്രതിഷേധ കൊടുങ്കാറ്റ് ഫെബ്രുവരി 12ന് ദേശീയ പൊതുപണിമുടക്കിൽ കലാശിച്ചു. തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകൾ പിൻവലിക്കുക, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പുന സ്ഥാപിപിക്കുക, വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശം പിൻവലിക്കുക, പൊതുമേഖലാ ഓഹരി വില്പനയും ആസ്തി വില്പനയും അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പണിമുടക്ക്. സംയുക്ത കിസാൻ മോർച്ചയടക്കം വിവിധ കർഷക സംഘടനകൾ പണിമുടക്കിന്റെ ഭാഗമായി.

രാജ്യത്തെ പത്ത് കേന്ദ്ര തൊഴിലാളി സംഘടനകളും ദേശീയ ഫെഡറേഷനുകളും ബാങ്ക്, ഇൻഷുറൻസ്, പ്രതിരോധം, എന്നീ മേഖലകളിലെ കേന്ദ്ര - സംസ്ഥാന ജീവനക്കാരും അധ്യാപകരും ചേർന്നാണ് പണിമുടക്കിന് ആഹ്വാനം നൽകിയിരുന്നു. കർഷക മോർച്ചയും മഹിളാ-യുവജന - വിദ്യാർത്ഥി സംഘടനകളും പണിമുടക്കിന്റെ ഭാഗമായി.

കേരളത്തിൽ വിവിധ തൊഴിൽ

മേഖലകളായ പരമ്പരാഗത -കശുവണ്ടി - കയർ- കൈത്തറി - മത്സ്യബന്ധനവും വിപണനവും വാണിജ്യ വ്യാപാരസ്ഥാപനങ്ങൾ തുറമുഖം പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായങ്ങൾ, കയറ്റിറക്ക് രംഗം, നിർമ്മാണ രംഗം, ലോട്ടറി തൊഴിലുറപ്പ്, ടെലികോം, വൈദ്യുതി, മോട്ടോർ വാഹനങ്ങൾ, ഓൺലൈൻ വ്യാപാരം ഐ. റ്റി മേഖല മുടക്കിൽ ഭാഗഭാക്കായി.

പണിമുടക്കിന്റെ ഭാഗമായുള്ള ജില്ലാ കൺവെൻഷനുകൾ ജനുവരി 31ന് മുമ്പുതന്നെ പൂർത്തീകരിച്ചിരുന്നു. പ്രാദേശിക കൺവെൻഷനുകൾ ഫെബ്രുവരി അഞ്ചിന് മുമ്പും പൂർത്തിയാക്കി. ഏരിയ, മണ്ഡലം അടിസ്ഥാനത്തിൽ സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ വാഹന പ്രചാരണ ജാഥകളും വിളംബര ജാഥകളും സംഘടിപ്പിച്ചിരുന്നു.

2019 ലെയും 20 ലെയും നിയമനങ്ങളുടെ തുടർച്ചയായാണ് നാല് പുതിയ തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണം കൊണ്ടുവരുന്നതും മിനിമം വേതനം നിയമപരമാക്കുന്നതുമടക്കം നിർണ്ണായക മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന നാല് ലേബർ കോഡുകളും പ്രാബല്യത്തിലായിക്കഴിഞ്ഞു. രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾക്ക് പകരമായാണ് വേതനം, വ്യവസായ ബന്ധം, സാമൂഹിക സുരക്ഷ, തൊഴിലിട സുരക്ഷ എന്നിവ സംബന്ധിച്ച കോഡുകൾ കൊണ്ടുവന്നിരിക്കുന്നത്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും അടിസ്ഥാന മിനിമം വേതനം നിയമ പരമാക്കിക്കൊണ്ടുള്ളതാണ് പുതിയ കോഡ്.



**ജോലി സമയം ആഴ്ചയിൽ 48 മണിക്കൂറാക്കുന്നതാണ് തൊഴിൽ സുരക്ഷ കോഡ്. ഇതിലെ ചില വ്യവസ്ഥകൾ കമ്പനികൾ മുതലെടുത്താൽ ജോലി സമയം വർദ്ധിക്കാൻ കാരണമാകും. രാവിലെ 6ന് മുമ്പും വൈകിട്ട് 7ന് ശേഷവും സ്ത്രീകൾക്ക് എവിടെയും ജോലിയെടുക്കാം. ആകെ ജീവനക്കാരുടെ പത്ത് ശതമാനമോ അല്ലെങ്കിൽ 100 ജീവനക്കാരോ ഉണ്ടെങ്കിൽ മാത്രമെ ട്രേഡ് യൂണിയൻ അനുവദിക്കാനാകൂ എന്ന് വ്യവസായ ബന്ധ കോഡ് അനുശാസിക്കുന്നു. തൊഴിലാളികൾ ഇല്ലാത്തവർക്ക് ഭാരവാഹികളാകാനാകില്ല.**

മിനിമം വേതനം സർക്കാർ നിശ്ചയിക്കും. നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ മിനിമം വേതനത്തിൽ വ്യത്യാസം വരും.

ജോലി സമയം ആഴ്ചയിൽ 48 മണിക്കൂറാക്കുന്നതാണ് തൊഴിൽ സുരക്ഷ കോഡ്. ഇതിലെ ചില വ്യവസ്ഥകൾ കമ്പനികൾ മുതലെടുത്താൽ ജോലി സമയം വർദ്ധിക്കാൻ കാരണമാകും. രാവിലെ 6ന് മുമ്പും വൈകിട്ട് 7ന് ശേഷവും സ്ത്രീകൾക്ക് എവിടെയും ജോലിയെടുക്കാം.

ആകെ ജീവനക്കാരുടെ പത്ത് ശതമാനമോ അല്ലെങ്കിൽ 100 ജീവനക്കാരോ ഉണ്ടെങ്കിൽ മാത്രമെ ട്രേഡ് യൂണിയൻ അനുവദിക്കാനാകൂ എന്ന് വ്യവസായ ബന്ധ കോഡ് അനുശാസിക്കുന്നു. തൊഴിലാളികൾ ഇല്ലാത്തവർക്ക് ഭാരവാഹികളാകാനാകില്ല.


സാമൂഹിക സുരക്ഷാ കോർഡ് അനുസരിച്ച് വേതനത്തിൽ അടിസ്ഥാന ശമ്പളം, ഡി.എ, റീട്ടെയിനിംഗ് അലവൻസ് എന്നിവ ഉൾപ്പെടും. പത്തിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്ക് ഇ.എസ്.ഐ. നിർബന്ധമല്ല.

പാർലമെന്റ് 5 വർഷം മുൻപ് പാസ്സാക്കിയതാണെങ്കിലും ഭരണ പക്ഷതൊഴിലാളി യൂണിയനായ ബി.എം.എസ്സ് വരെ പല വ്യവസ്ഥകളെയും എതിർത്തതിനാൽ തുടർനടപടികൾ നീട്ടിവച്ചിരിക്കുകയായിരുന്നു. ബി.എം.എസ്ന്റെ നിലപാടിൽ ഇപ്പോഴും മാറ്റം വന്നിട്ടില്ല. എന്നാലും ഏപ്രിൽ ഒന്ന് മുതൽ നിയമം നടപ്പാക്കാനുള്ള കഠിന യത്നത്തിലാണ് കേന്ദ്രം.



# മാറുന്ന സാഹചര്യങ്ങളിൽ മാറേണ്ട തൊഴിൽ കോഡുകൾ

**തൊഴിൽ 15, 19, 21 കോഡുകൾ കാലഹരണപ്പെട്ടതും, അസാധുവുമാണ്. ഭരണഘടന ഉറപ്പ് നൽകുന്ന തുല്യതാ, സാമൂഹ്യനീതി, സംഘടനാ സ്വാതന്ത്ര്യം, ജീവിക്കാനുള്ള അവകാശം എന്നീ 14. അനുഛേദങ്ങളും 87, 98, 29 & 105, 100 & 111, 155,187 എന്നീ ഐ.എൽ.ഒ കോർ കൺവൻഷനുകളും ലംഘിക്കുന്നതാണീ കോഡുകൾ.**



അഡ്വ. തമ്പാൻ തോമസ്



നമ്മുടെ തൊഴിൽ മേഖല അരക്ഷിതവും അനിശ്ചിതത്വം നിറഞ്ഞ തും അനാഥവുമാണ് ഇന്ത്യയിൽ സംഘടിത അസംഘടിത മേഖലകളി ലായി 60 കോടിയോളം തൊഴിലാളികളുണ്ട്. ഇതിൽ 97% വും അസംഘിടതരാണ്. കേവലം 3% തൊഴിലാളികളെ മാത്രമേ ട്രേയ്ഡ് യൂണിയനുകൾ പ്രതിനിധി കരിക്കുന്നുള്ളു. ഉദാരവത്ക്കരണ പ്രക്രിയകൾക്ക് മുൻപ് ഏതാണ്ട് 20 ശതമാനത്തോളം തൊഴിലാളികൾ സംഘടിത മേഖലയിലായി രുന്നു. ഇന്ന് കരാർ തൊഴിലാളികൾ ജിഗ് വർക്കേസ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയ അദൃശ്യമായ തൊഴിൽ ഉടമ സമ്പ്രദായത്തിൽ ഉല്പാദന പ്രക്രിയ നടക്കുന്നു.

മൂന്നു വർഷങ്ങൾക്ക് മുൻപേ പാർലമെന്റ് പാസാക്കിയതും 20 വർഷങ്ങൾക്ക് മേലായി ചർച്ചകൾ ചെയ്തു വരുന്നതുമായ തൊഴിൽ മേഖലയെ ബാധിക്കുന്ന ലേബർ കോഡുകൾ നാളിതു വരെ പ്രാബല്യത്തിൽ വന്നിട്ടില്ല. അവ പ്രാബല്യത്തിൽ വന്നാൽ തന്നെ തൊഴിൽ മേഖലയിലെ സേവന വ്യവസ്ഥകൾ സംരക്ഷിക്കപ്പെടുന്നവയോ തൊഴിലാളി ക്ഷേമങ്ങൾ ഉറപ്പ് വരുത്തുന്നവയോ അല്ല. വ്യാപാരം സുഗമമാക്കാനും ഇൻസ്‌പെക്ടർ രാജ് അവസാനിപ്പിക്കാനും ഉല്പാദന പ്രക്രിയയ്ക്ക് ഗവൺമെന്റ് പ്രോത്സാഹിയാകുവാനും ഉദ്ദേശിച്ചുള്ളതാണ് ഈ നാല് ലേബർ കോഡുകൾ. തൊഴിലാളി ക്ഷേമത്തിന് ഉദ്ദേശിച്ചിട്ടുള്ള 44 കേന്ദ്ര തൊഴിൽ നിയമങ്ങളിൽ 15 എണ്ണം റദ്ദ് ചെയ്ത് 29 നിയമങ്ങളെ ക്രോഡീകരിച്ചതാണ് ഈ കോഡുകൾ.

തൊഴിലാളിയും മുതലാളിയും ഉല്പാദന പ്രക്രിയയിലെ തുല്യ പങ്കാളികൾ ആണെങ്കിലും തൊഴിലാളികൾ ദുർബലരാകയാൽ അവർക്ക് സംരക്ഷണം നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലോകത്തെമ്പാടും തൊഴിൽ നിയമങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യ സാഹചര്യങ്ങളും ഉല്പാദന ഉപാധികളും ഉല്പാദന ബന്ധങ്ങളും കണക്കിലെടുത്ത് അന്തർദേശീയ കൺവെൻഷനുകളുടെയും സാമൂഹ്യസാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലാണ്, തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കപെട്ടിട്ടുള്ളത്. ഇവയിൽ അവകാശ സംരക്ഷണത്തിന് തൊഴിൽ തർക്ക നിയമം മാതൃ നിയമമായി നിലകൊള്ളുന്നു. Standing Order Act ഫാക്ടറികളിലെ സേവനങ്ങളെയും Trade Union Act കൂട്ടായ വിലപേശലിനെയും തൊഴിൽ തർക്ക നിയമം അവകാശ സംരക്ഷണം നേടിയെടുക്കുന്നവയും ആണ്. ഇവ മൂന്നും ഏകീകരിച്ച് രൂപം കൊടുത്തിട്ടുള്ളതാണ് Industrial Relations Code സ്വതന്ത്രമായ ട്രേഡ് യൂണിയൻ പ്രവർത്തനം അസാധ്യമാക്കി തീർക്കുന്നതും ഭരണഘടനയുടെ മൗലീക തത്വങ്ങളിൽ അംഗീകരിച്ചിട്ടുള്ള സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്നതും കൂട്ടായ വിലപേശൽ അവകാശത്തെ പ്രതികൂലമായി ബാധിക്കുന്നതുമാണ് പുതിയ നിയമത്തിലെ വ്യവസ്ഥകൾ. പുതിയ യൂണിയനുകൾ രൂപീകരിക്കുന്നതും തൊഴിൽ തർക്കങ്ങൾ ഉന്നയിച്ച് കരാറുകൾ Conciliation, Adjudication, Arbitration മാർഗങ്ങളിലൂടെ തൊഴിൽ അവകാശ സംരക്ഷിക്കുന്നതും കഴിഞ്ഞ 20 വർഷത്തോളമായി നിശ്ചലമാണ്. തൊഴിലുടമകൾ തൊഴിൽ അന്വേഷകരുമായി ഉണ്ടാക്കുന്ന വ്യക്തിപരമായ കരാറുകളുടെ അടിസ്ഥാനത്തിലോ തൊഴിലാളികളെ സംഭാവന ചെയ്യുന്ന ഏജൻസികളുമായി ഉണ്ടാക്കുന്ന കരാറുകളുടെ അടിസ്ഥാനത്തിലോ തൊഴിൽ മേഖല പരിപൂർണ്ണമായി നിയന്ത്രിക്കപ്പെടുന്നു. ഗവൺമെന്റ് അനുവർത്തിച്ചു വരുന്ന നയങ്ങളുടെ ഫലമായി തൊഴിലാളി പ്രസ്ഥാനങ്ങൾ തന്നെ അപ്രസക്തമാവുകയാണ്.

**തൊഴിലാളിയും മുതലാളിയും ഉല്പാദന പ്രക്രിയയിലെ തുല്യ പങ്കാളികൾ ആണെങ്കിലും തൊഴിലാളികൾ ദുർബലരാകയാൽ അവർക്ക് സംരക്ഷണം നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലോകത്തെമ്പാടും തൊഴിൽ നിയമങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യ സാഹചര്യങ്ങളും ഉല്പാദന ഉപാധികളും ഉല്പാദന ബന്ധങ്ങളും കണക്കിലെടുത്ത് അന്തർദേശീയ കൺവെൻഷനുകളുടെയും സാമൂഹ്യസാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലാണ്, തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കപെട്ടിട്ടുള്ളത്.**

1948 Factories Act, 1951 Plantation Act, 1955 ② Working Journalist Act, 1979 ലെ Interstate Migrant Act തുടങ്ങി 13 നിയമങ്ങളെ ഏകീകരിച്ച് രൂപം കൊടുത്തിട്ടുള്ളതാണ് Occupational Safety, Health, and Working Condition (OSH) Code 2020 ഈ 13 നിയമങ്ങളുടെ ക്രോഡീകരണം തന്നെ അടിസ്ഥാനപരമായി വികലവും അശാസ്ത്രീയവുമാണ്. പത്രക്കാരുടെ സേവന വേതന വ്യവസ്ഥകളെ ഒരു വേജ് ബോർഡ് മുഖേന നിജപ്പെടുത്താനുള്ള നിയമം ആരോഗ്യ മേഖലയിൽ ഉൾപ്പെടുത്തി ഇല്ലായ്മ ചെയ്യുന്നത് നീതി നിഷേധമാണ്. 8 മണിക്കൂർ ജോലി 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ ഉറക്കം എന്ന അന്തർദേശീയ തത്വം ആരോഗ്യ സംരക്ഷണ നിയമം നിരാകരിയ്ക്കുന്നു. അന്ന സെബാസ്റ്റ്യന്റെ മരണം പോലുള്ള ജോലിസ്ഥലത്തെ സമ്മർദ്ദങ്ങൾ ഇല്ലാതാക്കുവനുള്ള നിയമം കൊണ്ടുവരുന്നതിന് പകരം നിലവിൽ കിട്ടികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും പ്രത്യേക പരിഗണനകളും ഇല്ലാതാക്കുന്നവയാണ്. Factories Act ൽ നൽകിയിട്ടുള്ള ഇളവുകൾ തൊഴിലാളികളുടെയും സമൂഹത്തിന്റെയും ആരോഗ്യത്തിന് ഹാനികരമായ ഉല്പാദന ഉപാധികൾ അവലംബിക്കുവാൻ തൊഴിലുടമയ്ക്ക് അവകാശങ്ങൾ നൽകുന്നു. ഇതിൽ പരിശോധനകൾ ഇല്ലാതാകുമ്പോൾ വ്യവസായ അപകടങ്ങൾ പെരുകുന്നു. ഇന്നിവ നിത്യ അനുഭവങ്ങളായി മാറി. ഫാക്ടറികളിൽ തീ പിടിക്കുന്നതും പൊട്ടിത്തെറിക്കുന്നതും നാം നിത്യനേ കേൾക്കുന്നു. പാടെ സംരക്ഷണമി ല്ലാത്ത പരിശോധനകൾ ഒഴിവാക്കപ്പെട്ട നിലവാരം പുലർത്താത്ത നിർബന്ധിത തൊഴിൽ മേഖലയാണ് ഇന്നുള്ളത്.

തൊഴിലാളികളുടെ വേതനം



നിർണയിക്കുന്ന Minimum Wages Act, Payment of Wages Act, Bonus ACT, Equal Remuneration Act എന്നിവയാണ് ലേബർ കോഡിൽ ഉൾകൊള്ളുന്നത്. ജീവിതാധിഷ്ഠിത ചുരുങ്ങിയ കൂലി എന്നത് ഭരണഘടനയുടെ നിർദേശക തത്വങ്ങൾ ഉൾപ്പെടുന്നതും സാമൂഹ്യ സാമ്പത്തിക കാര്യങ്ങളെ കണക്കിലെടുത്ത് 5 ആളുകൾ ഉള്ള കുടുംബത്തിന് ജീവിക്കാൻ ആവശ്യമായ വേതനം പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും ഉറപ്പ് വരുത്തി ഒരു തൃകക്ഷി സമിതി ശുപാർശ ചെയ്യുന്നതാണ് ചുരുങ്ങിയ വേതന ഘടന. അതിന് പകരം ഗവൺമെന്റ് ഏകപക്ഷീയമായി ഏറെറടുത്ത് നിർണയിക്കുന്ന ചുരുങ്ങിയ വേതനം വ്യാപാര വളർച്ച മാത്രം ഉദ്ദേശിച്ചുള്ളതാകയാൽ തൊഴിലാളി താത്പര്യത്തിന് വിരുദ്ധമാണ്.

ഗവൺമെന്റ് രൂപപ്പെടുത്തിയിട്ടുള്ള സാമൂഹ്യ സുരക്ഷ കോഡ് 9 നിലവിലുള്ള നിയമങ്ങളെ ഏകീകരിക്കുന്നു. ഈ ഏകീകരണത്തിൽ ആവശ്യമായി വരേണ്ട ഏകീകൃത സ്വഭാവമോ മററു രാജ്യങ്ങളിൽ ഉള്ളതു പോലെ ദേശീയ മൊത്ത വരുമാനത്തിന്റെ നിശ്ചിത വിഹിതം ഉൾപ്പെടുത്തിയിട്ടുള്ളതോ അല്ല. നീക്കി വയ്ക്കപ്പെട്ട വേതനം എന്ന നിലയിൽ ദേശീയ മൊത്ത വരുമാനത്തിന്റെ 6% എങ്കിലും ഉറപ്പുവരുത്തേണ്ട വിഹിതം തൊഴിൽ ഉടമയ്ക്ക് ഇളവ് ചെയ്ത് കൊടുക്കുന്നു. വ്യാപാരം സുഗമമാക്കാൻ പരിശോധനകളും നിയന്ത്രണങ്ങളും ഒഴിവാക്കുന്നു എന്ന് മാത്രമല്ല ഇതിനായി മാറ്റി വയ്ക്കുന്ന തൊഴിലാളികളുടെ വിഹിതം തൊഴിൽ ഉടമയ്ക്ക് അനായാസമായി ഉപയോഗിക്കുവാൻ അനുവദിക്കുന്നതുമാണ് സാമൂഹ്യ സുരക്ഷ കോഡ്.

20 ലേറെ വർഷമായി നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ നീക്കം ചെയ്യുന്നതിന് ഒരു മൂന്നാം തൊഴിൽ കമ്മീഷനെ നിയമിച്ച് വസ്തുതാ പഠനങ്ങൾ നടത്തി പുതിയ വ്യവസായ ബന്ധനിയമങ്ങൾ കൊണ്ടുവരണം.

അന്തർദേശീയ തലത്തിൽ ഐ.എൽ.ഒ നടത്തിയിട്ടുള്ള പഠനങ്ങളും അവർ അംഗീകരിച്ചിട്ടുള്ള കൺവൻഷനുകളും നമ്മുടെ ഭരണഘടന ഉറപ്പ് നൽകുന്ന മൗലീകാവകാശങ്ങളും നിയമ നിർമ്മാണത്തിന് നിർദേശിച്ചിട്ടുള്ള നിർദേശക തത്വങ്ങളും അംഗീകരിക്കുന്ന തൊഴിൽ നിയമ കോഡുകളാണ് നമ്മുക്ക് ആവശ്യം. ഇന്ത്യൻ ഭരണഘടനയുടെ 14, 15, 19, 21 എന്നീ അനുച്ഛേദങ്ങൾ പ്രതിപാദിക്കുന്ന തുല്യതാബോധവും സംവരണ ആനുകൂല്യങ്ങളും സംഘടനാ സ്വാതന്ത്ര്യവും ജിവിക്കാനുള്ള അവകാശവും ഈ കോഡ് ഇല്ലാതാക്കുന്നു. നിർദേശക തത്വങ്ങളിൽ സമ്പത്ത് തുല്യമായി വിതരണം ചെയ്യണമെന്നും തൊഴിൽ അവകാശം ഏവർക്കും ഉറപ്പ് വരുത്തണമെന്നും, സമ്പത്ത് കുന്ന് കൂടരുതെന്നും, വിദ്യാഭ്യാസവും, ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും ഉറപ്പ് വരുത്തണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഇവ നിഷേധിക്കുന്നവയാണ് ഈ കോഡ്.

**ഗവൺമെന്റ് രൂപപ്പെടുത്തിയിട്ടുള്ള സാമൂഹ്യ സുരക്ഷ കോഡ് 9 നിലവിലുള്ള നിയമങ്ങളെ ഏകീകരിക്കുന്നു. ഈ ഏകീകരണത്തിൽ ആവശ്യമായി വരേണ്ട ഏകീകൃത സ്വഭാവമോ മററു രാജ്യങ്ങളിൽ ഉള്ളതു പോലെ ദേശീയ മൊത്ത വരുമാനത്തിന്റെ നിശ്ചിത വിഹിതം ഉൾപ്പെടുത്തിയിട്ടുള്ളതോ അല്ല.**




ഐ.എൽ.ഒ യുടെ കോർ കൺവെൻഷനുകൾ തൊഴിൽ നിയമങ്ങളുടെ അടിസ്ഥാന തത്വങ്ങളാണ്. ഈ ലേബർ കോഡുകൾ 87, 98, 29, 105, 100, 111, 155, 187 തുടങ്ങിയ ഐ.എൽ.ഒ കൺവെൻഷനുകൾ നഗ്നമായി നിഷേധിക്കുന്നു. കൂട്ടായ വിലപേശലും ട്രേഡ് യൂണിയൻ അവകാശങ്ങളും ഇല്ലാതാക്കുന്നു എന്ന് മാത്രമല്ല ഐ.എൽ.ഒ നിർദേശിച്ചിട്ടുള്ള പരിശോധനകൾ ഇല്ലാതെ അനിയന്ത്രി തമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം തൊഴിൽ ഉടമകൾക്ക് നല്കുകയും ചെയ്യുന്നു.


## Late trade union leaders



ലാലാ ലജ്പത് റായ്



സി. എം. സ്റ്റീഫൻ



കെ. കരുണാകരൻ

രണ്ടാം വ്യവസായ വിപ്ലവത്തിൽ നിലനിന്നിരുന്ന സാമൂഹിക സാഹചര്യങ്ങൾക്ക് അനുസൃതമായി തൊഴിൽ മേഖല സംരക്ഷിക്കുവാൻ 1967ൽ നിയുക്തമായ ജസ്റ്റിസ് ഗജേന്ദ്രഗഡ്ക്കർ ചെയർമാനായ ഒന്നാം തൊഴിൽ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ ഒട്ടുമിക്ക തൊഴിൽ നിയമങ്ങളും രുപീകരിച്ചത്. പിന്നീട് രണ്ടായിരമാണ്ടിൽ ശ്രീ. രവീന്ദ്രവർമ്മ ചെയർമാനായ രണ്ടാം തൊഴിൽ കമ്മീഷൻ രൂപീകരിച്ചു. ഈ കമ്മീഷൻ സംഘടിത മേഖലയിൽ ഉണ്ടാക്കേണ്ട മാററങ്ങളെ കുറിച്ചും അസംഘടിത മേഖലയിലെ തൊഴിൽ സുരക്ഷയെക്കുറിച്ചും ശുപാർശകൾ സമർപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. 2002ൽ ചേർന്ന ഇന്ത്യൻ ലേബർ കോൺഫ്രൻസ്' എന്ന തൃകക്ഷി സമ്മേളനം സംഘടിത മേഖലയിലെ തൊഴി ലാളികളെ ബാധിക്കുന്ന ശുപാർശകൾ നിരാകരിച്ചു. ഈ നിരാകരിക്കപ്പെട്ട രണ്ടാം തൊഴിൽ കമ്മിഷന്റെ ശുപാർശകളെ ആസ്പദമാക്കിയാണ് 4 പുതിയ ലേബർ കോഡുകൾ കേന്ദ്ര ഗ്ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഇവ തൊഴിലാളി താത്പര്യങ്ങളെ ഹനിക്കുന്നതും ഭരണാഘടനാ വിരുദ്ധവും കാലഹരണപ്പെട്ടതും ആണ്.

ഉല്പാദന ഉപാധികളിലും ഉല്പാദന ബന്ധങ്ങളിലും ഇന്ന് വന്നിട്ടുള്ള വമ്പിച്ച മാറ്റങ്ങൾക്ക് അനുസൃതമായി തൊഴിൽ നിയമ കോഡുകൾ മാറണം. നിർമ്മിത ബുദ്ധിയും യന്ത്രമനുഷ്യനും തൊഴിലാളിക്ക് പകരംവയ്ക്കപ്പെടുകയും, കംപ്യൂട്ടറൈസേഷനും ഓഹരി മൂലധനവും ഉല്പാദന ഉപാധികളായി മാറുകയും ചെയ്യുമ്പോൾ മനുഷ്യന് മുൻഗണന നൽകുന്ന തൊഴിൽ കോഡുകളാണ് നമ്മുക്ക് വേണ്ടത്.

1888 മേയ് ഒന്നിന് വ്യവസായ തൊഴിലാളി രംഗത്ത് ഉണ്ടായ

**ഉല്പാദന ഉപാധികളിലും ഉല്പാദന ബന്ധങ്ങളിലും ഇന്ന് വന്നിട്ടുള്ള വമ്പിച്ച മാറ്റങ്ങൾക്ക് അനുസൃതമായി തൊഴിൽ നിയമ കോഡുകൾ മാറണം. നിർമ്മിത ബുദ്ധിയും യന്ത്രമനുഷ്യനും തൊഴിലാളിക്ക് പകരം വയ്ക്കപ്പെടുകയും, കംപ്യൂട്ടറൈസേഷനും ഓഹരി മൂലധനവും ഉല്പാദന ഉപാധികളായി മാറുകയും ചെയ്യുമ്പോൾ മനുഷ്യന് മുൻഗണന നൽകുന്ന തൊഴിൽ കോഡുകളാണ് നമ്മുക്ക് വേണ്ടത്.**



മുതലെടുപ്പിന് എതിരെയാണ് മേയ് ദിന വിപ്ലവം ഉടലെടുത്തത്. ഇന്ന് അംഗീകരിച്ചിട്ടുള്ള തൊഴിൽ കോഡുകൾ നടപ്പാക്കാൻ പരിശ്രമിച്ചാൽ ഒരു രണ്ടാം മേയ് ദിന വിപ്ലവം ഇന്ത്യയിൽ അനിവാര്യമായി തീരും. അത്തരം ഒരു സാഹചര്യത്തിലേക്ക് നീങ്ങാതെ മൂന്നാം തൊഴിൽ കമ്മീഷനെ നിയമിച്ച് ഒരു പുത്തൻ തൊഴിൽ കോഡ് കൊണ്ടുവരണം.

അധ്വാന വർഗ്ഗത്തിനായി
ആത്മസമർപ്പണം



# ആർ.എം. പരമേശ്വരന്റെ അരനൂറ്റാണ്ട്



പി. സുധാകൻ

തൊഴിലാളി സംഘടനകളുടെ ഈറ്റില്ലമാണ് കേരളം. ആദ്യകാല സമരങ്ങളെല്ലാം ഇതിഹാസങ്ങളായി മാറി. സമര നേതാക്കൾ ഇതിഹാസപുരുഷന്മാരുമായി. ആ നേതൃനിരയിൽ വേറിട്ട വ്യക്തിത്വവുമായി മുന്നേറിയ ഒറ്റയാനായിരുന്നു ആർ.എം.പി. എന്ന ആർ.എം. പരമേശ്വരൻ. ട്രേഡ് യൂണിയൻ രംഗത്ത് 50 വർഷം പിന്നിടുമ്പോൾ ഒരു തുറന്ന പുസ്തകം പോലെ അദ്ദേഹത്തിന്റെ ജീവിതം നമ്മുടെ മുമ്പിലുണ്ട്. ഒരു നേതാവ് തന്റെ രാഷ്ട്രീയ സംശുദ്ധി എങ്ങനെ കാത്തുസൂക്ഷിക്കണം എന്നതിന് ദൃഷ്ടാന്തമാണ് ആ ധന്യ ജീവിതം.

വാമനപുരത്തിന് സമീപം കല്ലറ എന്ന കൊച്ചു ഗ്രാമത്തിൽ ആഢ്യ കുടുംബത്തിലായിരുന്നു ജനനം. 1946 വരെ ശ്രീമൂലം പ്രജാസഭയിൽ പ്രതിപക്ഷ നേതാവായിരുന്ന ദേശബന്ധു എസ്. കെ. നായർ മുതൽ കോട്ടയം ശങ്കുണ്ണിപ്പിള്ളവരെ നീളുന്ന വിപുലമായ ബന്ധുബലം. ആർഭാടപൂർണ്ണമായ ജീവിതം നയിക്കാനുള്ള ചുറ്റുപാടുകൾ ഉണ്ടായിട്ടും പാവപ്പെട്ട തൊഴിലാളുകളുടെ രക്ഷകനാകാനായിരുന്നു നിയോഗം.

സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ രാഷ്ട്രീയ ദൗത്യം തുടങ്ങിക്കഴിഞ്ഞിരുന്നു. അന്ന്സ്കൂളിൽ രണ്ട് സംഘടനകൾ മാത്രമെ പ്രവർത്തിച്ചിരുന്നുള്ളൂ. കെ.എസ്.എഫും പി.എസ്‌യുവും. രണ്ടും ഇടതുപക്ഷ സംഘടനകൾ പി.എസ്.യുവിന്റെ സ്കൂൾ യൂണിറ്റ് പ്രസിഡന്റായിരുന്നു പരമേശ്വരൻ. ടി.ജെ.ചന്ദ്ര ചൂഢനായിരുന്നു അന്നത്തെ സംസ്ഥാന പ്രസിഡന്റ്.

എം. ജി. കോളേജിൽ പഠിക്കുമ്പോൾ യൂണിയൻ ചെയർമാനായി. യൂണിവേഴ്സിറ്റി യൂണിയൻ

ചെയർമാൻ സ്ഥാനത്തേയ്ക്ക് മത്സരിച്ചെങ്കിലും ഒരു വോട്ടിന തോറ്റു. തിരുവനന്തപുരം ലോ കോളേജിൽ എൽ.എൽ.ബിയുടെ ആദ്യ ബാച്ചിന് ചേരുമ്പോൾ നടൻ സുകുമാരൻ തലേക്കുന്നിൽ ബഷീർ, കാവിയാട് ദിവാകര പണിക്കർ തുടങ്ങിയവർ സഹപാഠികളായി. ആദ്യത്തെ ഒരു വർഷം ഇന്റഗ്രേറ്റഡ് കോഴ്സ് ആയിരുന്നു. അതായാത് തോറ്റാൽ രണ്ടാം വർഷത്തിലേക്ക് പ്രവേശനമില്ല. ഇതിനെതിരെ ഫിലിപ്പ് എം. പ്രസാദുമായി ചേർന്ന് സമരം സംഘടിപ്പിച്ചു. തുടർന്ന് ആർ.എം. പരമേശ്വരൻ, നടൻ സുകുമാരൻ, തലേക്കുന്നിൽ ബഷീർ എന്നിവരെ കോളേജിൽ നിന്നും പിരിച്ചുവിട്ടു. മാർക്ക് കുറഞ്ഞ വിദ്യാർത്ഥികളായിരുന്നു ഇവർ. പിരിച്ചുവിടപ്പെട്ടവർ കേസ്സ് കൊടുത്തെങ്കിലും തോറ്റു.

കേസ് തോറ്റെങ്കിലും ചീഫ് സെക്രട്ടറിയായിരുന്ന ആർ. രാമചന്ദ്രൻ നായരുടെ ശുപാർശയിൽ എറണാകുളം ലോകോളേജിൽ ഈവനിംഗ് കോഴ്സിന് പ്രവേശനം ലഭിച്ചു. ഒപ്പം മലയാറ്റൂരിൽ ട്രാവൻകൂർ കൊച്ചിൽ കെമിക്കൽസിൽ ഒരു ജോലിയും സംഘടിപ്പിച്ചു. ലോ കോളേജിൽ പരീക്ഷ എഴുതുമ്പോൾ ജയിലിലായിരുന്നു.

ആർ.എം. പരമേശ്വരൻ ആർ.എസ്.പി. സ്റ്റേറ്റ് സെക്രട്ടറിയേറ്റ് മെമ്പറായിരിക്കവെയാണ് പാർട്ടി പിളർന്നത്. ആർ.എം.പി. തൃദീപ് കുമാർ ചൗധരി നേതൃത്വം നൽകിയ അഖിലേന്ത്യ ആർ.എസ്.പി.യിൽ ഉറച്ചു നിന്നു. അടിയന്തിരാവസ്ഥക്കാലത്ത് പാർട്ടി സംസ്ഥാന സെക്രട്ടറിയായി. ഇടതുമുന്നണിയിൽ ഘടക കക്ഷിയുമായി. അടിയന്തിരാവസ്ഥയ്ക്ക് എതിരെ 14 ജില്ലകളിലും നിയമലംഘനം നടത്തിയപ്പോൾ കൊല്ലം ജില്ലയിൽ ആർ.എം.പി.യായിരുന്നു സമരത്തിന് നേതൃത്വം നൽകിയത്.



ഒമ്പത് മാസം ജയിലിൽ കിടന്നു. അപ്പോഴേയ്ക്കും ജോലിയും പോയി. അന്ന് കേസ് വാദിച്ചത് ഇ.എം. എസ്. ആയിരുന്നു. രണ്ടാമത് മിസ പ്രകാരം അറസ്റ്റിലാകുമെന്ന് ഭയന്ന് ബംഗാളിലേയ്ക്ക് പോയി. അന്ന് ജെ.എൻ. യുവിൽ ചേരാൻ ശ്രമിച്ചെങ്കിലും കെമിസ്ട്രി കിട്ടാത്തതിനാൽ പഠിക്കാൻ കഴിഞ്ഞില്ല.

തിരിച്ച് കേരളത്തിൽ വന്നപ്പോൾ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ശിക്ഷയിൽ നിന്നും ഒഴിവാക്കി. അങ്ങനെ കൊല്ലത്ത് മുൻ മന്ത്രി ആർ.എസ്. ഉണ്ണിക്ക് എതിരെ സ്ഥാനാർത്ഥിയായി. 9000 വോട്ടിന് ഉണ്ണി ജയിച്ചു. അതായിരുന്നു ആദ്യത്തെ തെരഞ്ഞെടുപ്പ് പോരാട്ടം. തുടർന്ന് 1982 ൽ നാഷണൽ ആർ.എസ്. പി. സ്ഥാനാർത്ഥിയായി വാമനപുരത്ത് മത്സരിച്ചു. നിസ്സാരവോട്ടിന് തോറ്റു. 1991 ൽ അതേ മണ്ഡലത്തിൽ വീണ്ടും മത്സരിച്ചെങ്കിലും നിസ്സാരവോട്ടിന് തോറ്റു. ഒരു പ്രാവശ്യം കോൺഗ്രസ്സിലെ എം. കുഞ്ഞു കൃഷ്ണപിള്ള ജയിച്ചതിന് ശേഷം ഇന്നുവരെ ഇടതുപക്ഷം മാത്രം വിജയിച്ച മണ്ഡലമാണിത്. നാളിതുവരെ യാതൊരു വികസനവും ഉണ്ടാകാത്ത ഒരു മണ്ഡലമാണിതെന്ന ആർ.എം. പി. ചൂണ്ടിക്കാണിക്കുന്നു.

എറണാകുളം തട്ടകമായിരിക്കുമ്പോൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിയൻ സംഘടിപ്പിച്ചു. ഇലക്ഷന് തോറ്റവർക്ക് സ്ഥാനമാനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ചാലക്കുടി റിഫ്രാക്ടറീസ് ചെയർമാനായി. ദീർഘകാലം മുളവന ഹയർസെക്കന്ററി സ്കൂളിന്റെ മാനേജരായിരുന്നു. 1942 മുതൽ പ്രൈവറ്റ് സ്കൂൾ മാനേജ്മെന്റ്സ് അസോസിയേഷന്റെ പ്രസിഡന്റാണ്. ഇപ്പോൾ ചീഫ് അഡ്വൈസർ. ഇപ്പോഴും തൊഴിലാളി യൂണിയനുകളുടെ ഭാരവാഹിയാണ്.

**തൊഴിലാളി സംഘടനകളുടെ ഈറ്റില്ലമാണ് കേരളം. ആദ്യകാല സമരങ്ങളെല്ലാം ഇതിഹാസങ്ങളായി മാറി. സമര നേതാക്കൾ ഇതിഹാസപുരുഷന്മാരുമായി. ആ നേതൃനിരയിൽ വേറിട്ട വ്യക്തിത്വവുമായി മുന്നേറിയ ഒറ്റയാനായിരുന്നു ആർ.എം.പി. എന്ന ആർ.എം. പരമേശ്വരൻ. ട്രേഡ് യൂണിയൻ രംഗത്ത് 50 വർഷം പിന്നിടുമ്പോൾ ഒരു തുറന്ന പുസ്തകം പോലെ അദ്ദേഹത്തിന്റെ ജീവിതം നമ്മുടെ മുമ്പിലുണ്ട്. ഒരു നേതാവ് തന്റെ രാഷ്ട്രീയ സംശുദ്ധി എങ്ങനെ കാത്തുസൂക്ഷിക്കണം എന്നതിന് ദൃഷ്ടാന്തമാണ് ആ ധന്യ ജീവിതം.**

84 വയസ്സുള്ള ആർ.എം.പി. ഇപ്പോഴും പൊതു പ്രവർത്തനങ്ങളിൽ സജീവമാണ്. കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ഗോപാല പിള്ളയുടെ മകൾ ഗിരിജയാണ് ഭാര്യ. മകൻ അനൂപ് ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. മകൾ അർച്ചന പരമേശ്വരൻ ആൾ ഇന്ത്യ റേഡിയോ ഉദ്യോഗസ്ഥയാണ്. ഭർത്താവ് അന്തരിച്ച ധനീഷ് ചന്ദ്രൻ (ഏഷ്യാനെറ്റ് ന്യൂസ് എഡിറ്ററായിരുന്നു) അമേയയാണ് അവരുടെ മകൾ.



എക്കാലവും
ഇടതുപക്ഷത്ത്

# കറ പുരളാത്ത രാഷ്ട്രീയ വ്യക്തിത്വം : സി. ദിവാകരൻ

രാഷ്ട്രീയ ലേഖകൻ



കറപുരളാത്ത രാഷ്ട്രീയ ജീവിതത്തിനുടമയാണ് ആർ.എം. പരമേശ്വരനെന്ന് മുൻമന്ത്രിയും എ.ഐ.റ്റി.യു.സി. നേതാവുമായ സി. ദിവാകരൻ അഭിപ്രായപ്പെട്ടു. പൊതുജനങ്ങളുടെ ഹൃദയങ്ങളിൽ പ്രത്യേകമായ ഒരിടം അദ്ദേഹം നേടിയെടുത്തു. അപൂർവ്വങ്ങളിൽ അത്യപൂർവ്വമായ രാഷ്ട്രീയ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്, ദിവാകരൻ തുടർന്നു.

ട്രേഡ് യൂണിയൻ രംഗത്ത് അരന്നൂറ്റാണ്ട് പിന്നിട്ട ആർ.എം. പരമേശ്വരന് ശ്രംയോഗി ബന്ധു സമ്മാൻ പുരസ്ക്കാരം സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എന്റെ രാഷ്ട്രീയ ജീവിതത്തിലെ ആഹ്ളാദകരമായ നിമിഷമാണിത്. ഒരുപാട് ഓർമ്മകൾ ഇരമ്പിയെത്തുന്നു. യൂണിവേഴ്സിറ്റി കോളേജിൽ ഞാൻ പഠിക്കുമ്പോൾ ഒരു ഇന്റർ കൊളീജിയറ്റ് ഡിബേറ്റിൽ എം.ജി. കോളേജിനെ പ്രതിനിധീകരിച്ച ആർ.എം. പരമേശ്വരനുമായി ഞാൻ എറ്റുമുട്ടി. പരമേശ്വരൻ ജയിച്ച ആ മത്സരത്തിൽ എനിക്ക് കിട്ടിയത് വട്ടപൂജ്യം, ദിവാകരൻ തുടർന്നു.

എക്കാലവും ഇടതുപക്ഷ നേതാവായി മാത്രമെ പരമേശ്വരനെ താൻ കണ്ടിട്ടുള്ളൂ. ബേബിജോണും കെ. പങ്കജാക്ഷനും കെ.സി. വാമദേവനുമൊക്കെ ഉൾപ്പെട്ട വൻനിര ആർ.എസ്.പി. അടക്കി വാഴുമ്പോഴാണ് അദ്ദേഹം ആ പാർട്ടിയിലേയ്ക്ക് വന്നത്. എറണാകുളത്ത് എല്ലാ വ്യവസായ സ്ഥാപനങ്ങളിലും അദ്ദേഹം യൂണിയനുണ്ടാക്കി.

ആർ.എസ്. പി. പിളർന്നപ്പോൾ തൃദീപ് കുമാർ ചൗധരി നേതൃത്വം നൽകിയ ഔദ്യോഗിക ആർ.എസ്. പിയിൽ അദ്ദേഹം നിലയുറപ്പിച്ചു. അന്ന് ബംഗാളിൽ ജ്യോതി ബാസുവിനെക്കാൾ ശക്തനായിരുന്നു തൃദീപ് കുമാർ. ഔദ്യോഗിക ആർ.എസ്. പിയുടെ കേരളത്തിലെ സെക്രട്ടറിയായിരുന്നു ആർ.എം. പരമേശ്വരൻ എങ്കിലും

ആർ.എം. പരമേശ്വരൻ ട്രേഡ് യൂണിയൻ രംഗത്ത് അര നൂറ്റാണ്ട് പിന്നിടുമ്പോൾ ഒരിക്കലും കറപുരളാത്ത രാഷ്ട്രീയ വ്യക്തിത്വത്തിന്റെ വളർച്ചയാണ് കേരളം കണ്ടതെന്ന് എ.ഐ.റ്റി.യു.സി നേതാവ് സി. ദിവാകരൻ. ജനഹൃദയങ്ങളിൽ അദ്ദേഹം സ്ഥാനം നേടി. എക്കാലവും ഇടതുപക്ഷനേതാവായി മാത്രമെ അദ്ദേഹത്തെ കണ്ടിട്ടുള്ളുവെന്നും തന്റെ ഉറ്റ സുഹൃത്തിനെക്കുറിച്ച് ദിവാകരൻ പറഞ്ഞു. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ആരംഭവേളയിൽ ഓർമ്മകൾ ഇരമ്പുകയായിരുന്നു.

ട്രേഡ് യൂണിയനിലായിരുന്നു അദ്ദേഹം സജീവ ശ്രദ്ധ പതിപ്പിച്ചിരുന്നത്.

ഇന്ന് ട്രേഡ് യൂണിയൻ പ്രവർത്തനം പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ അവകാശങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. 300 തൊഴിലാളികൾവരെയുള്ള വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടിയാൽ ബാഹ്യ ഇടപെടൽ പാടില്ലെന്നാണ് പുതിയ നിയമം. മിക്ക സംസ്ഥാനങ്ങളിലെയും മഹാഭൂരിപക്ഷം വ്യവസായ യൂണിറ്റുകളിലും 300 തൊഴിലാളികളാകും ഉണ്ടാകുക. അതിനാൽ പുതിയ നിയമം ഇൻഡ്യയിലെ തൊഴിലാളികളെ സമ്പൂർണ്ണമായി ചങ്ങലക്കിടുന്നു. ബഹുജനങ്ങളും തൊഴിലാളികളുമായുള്ള ബന്ധം ശക്തമായാൽ മാത്രമേ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിയൂ. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ബോണസ്സ് കിട്ടാൻ കുട്ടനാട്ടിലെ കർഷക തൊഴിലാളികൾ രംഗത്തുവന്നത് ഓർക്കുക. ബഹുജന–തൊഴിലാളി ബന്ധത്തിലൂടെ പുതിയ രാഷ്ട്രീയ നേതൃത്വം ഉരുത്തിരിഞ്ഞു വരണം.

പാർലമെന്ററി ജനാധിപത്യത്തിലെ അടിമകളായി മാറിയിരിക്കുകയാണ്. ജനങ്ങൾ. തൊഴിലാളി സമരങ്ങൾ ഉണ്ടാകണം. ബി.എം.എസ്സിൽപോലും വലിയ ആഭ്യന്തര കലഹങ്ങൾ നടക്കുകയാണ്. ഒരു വലിയ സമരത്തിന് തുടക്കം കുറിക്കണം. വർഗ്ഗീയത മുതലാക്കി ഭരണം തുടരാമെന്നാണ് ഭാവമെങ്കിൽ രാജ്യം ശിഥിലമാകും.

ഒരു യൂണിയനും ഇല്ലാതിരുന്ന കാലത്ത് ലോകമാന്യ തിലകനെ ജയിലിലടച്ചപ്പോൾ മുംബൈയിലെ ലക്ഷക്കണക്കിന് ടെക്സ്റ്റൈൽ തൊഴിലാളികളാണ് തെരുവിലിറങ്ങിയത്. ആ സമരം ഏഴ് ദിവസം നീണ്ടു നിന്നു. ഇന്നാകട്ടെ തൊഴിലാ






ളികളുടെ ഇടപെടൽ ദുർബലമാകുന്നതായി ജനങ്ങൾ സംശയിക്കുന്നു. എനിക്ക് ഒരു സന്ദേശമേ നൽകാനുള്ളൂ. ആർ.എം. പരമേശ്വരന് ഇ.എം.എസ്., കെ. കരുണാകരൻ തുടങ്ങിയ സമുന്നനത നേതാക്കളുമായി നല്ല ബന്ധം ഉണ്ടായിരുന്നു. ഇന്ന് അദ്ദേഹം ഐ.എൻ.റ്റി.യു.സിയിലാണ്. ഏതിലായാലും എനിക്ക് അദ്ദേഹം ആർ.എം.പി..യാണ്. അദ്ദേഹത്തിന് ദീർഘായുസ്സ് നേരുന്നു, ദിവാകരൻ ഉപസംഹരിച്ചു.

കായംകുളം യൂനുസ് മുഖ്യപ്രഭാഷണം നടത്തി. കരയറ്റ ട്രേഡ് യൂണിയൻ നേതാക്കളുടെ പട്ടിക ആർ.എം. പരമേശ്വരനോടെ അവസാനിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. നൂറിലേറെ യൂണിയനുകൾക്ക് നേതൃത്വം നൽകുന്ന ആർ.എം. പരമേശ്വരന്റെ പ്രവർത്തനം മറ്റൊരു രംഗത്തായിരുന്നെങ്കിൽ അദ്ദേഹം അതിപ്രശസ്തനാകുമായിരുന്നു. എത്ര സമുന്നത പദവിയും വഹിക്കാനുള്ള കർമ്മശേഷി അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും യൂനുസ് പറഞ്ഞു.

മാഹിൻ അബൂബേക്കർ (എസ്.റ്റി.യു) ജയകുമാർ (ബി.എം.എസ്.), ദുര്യോധനൻ (മദ്യനിരോധന സമിതി), മനോജ് ഷിരൂർ, കണ്ണൂർ ബോബി, കായ്പ്പാടി നൗഷാദ് തുടങ്ങിയവർ പ്രസംഗിച്ചു. അനന്തപുരം പൗരസമിതിയും ആർ.എം. പരമേശ്വരന് ആശംസകൾ നേർന്നു.

സുവർണ്ണ ജൂബിലി ആഘോഷ കമ്മറ്റി ജനറൽ കൺവീനർ പി. സുധാകരൻ ആദ്ധ്യക്ഷം വഹിച്ചു. സന്തോഷ് എസ്. മിതൃമ്മല സ്വാഗതം പറഞ്ഞു.

പരാക്രമങ്ങളിലേറെയും
സ്ത്രീ സമരങ്ങളോട്...



# ഇടതുപക്ഷം കരിങ്കാലികളായ ഒരുപതിറ്റാണ്ട്

അഡ്വ. ബിന്ദു കൃഷ്ണ

കേരളത്തിൽ സ്ത്രീതൊഴിലാളികൾക്ക് അവരുടെ അധ്വാനത്തിന് അർഹമായ അംഗീകാരമോ, മുൻഗണനയോ, സുരക്ഷയോ ലഭിക്കാത പോയ ഒരു പതിറ്റാണ്ടാണ് കടന്നുപോകുന്നത്. ആശമാരെ തൊഴിലാളികളായി അംഗീകരിക്കാൻ പോലും സർക്കാർ തയ്യാറായിരുന്നില്ല എന്നത് അത്യന്തം ഖേദകരമാണ്. വനിതാ സിപിഒ റാങ്ക് ഹോൾഡേഴ്സിന്റെ സമരത്തിനും സമാനഗതി തന്നെ ഉണ്ടായി. പെൺപിളെ ഒരുമൈ സമരം ഉൾപ്പെടെ എത്രയെത്ര സമരങ്ങളാണ് സർക്കാർ ചോരയിൽ മുക്കിക്കൊന്നത്.

ആരോഗ്യ മേഖലയിലെ അടിസ്ഥാന വർഗ്ഗമാണ് ആശാമാർ എന്നത് മറന്നുകൊണ്ട് ബദ്ധശത്രുക്കളെപ്പോലെ ആശാ പ്രവർത്തകരെ വേട്ടയാടി. കോവിഡ് കാലത്ത് രാജ്യം ആദരിച്ച ആശാ പ്രവർത്തകരുടെ പോരാട്ടവീര്യത്തെ നിർവീര്യമാക്കി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആരോഗ്യ പദ്ധതികൾ സാധാരണ ജനങ്ങളിൽ എത്തിച്ച അവരുടെ കഠിന പ്രയ്തനത്തെ വിസ്മരിച്ചുകൊണ്ട് അവരെ പൊതുജനമധ്യത്തിൽ ആക്ഷേപിച്ചു.

പ്രവർത്തനങ്ങളുടെ ആധിക്യം മൂലം ആശാപ്രവർത്തകരുടെ ജോലിഭാരവും അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്

**അധികാരം കയ്യിൽ ഉണ്ടെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എത്രത്തോളം സമരവിരോധികളാണെന്ന് കേരളം കണ്ടു. മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്ന ആശമാർക്ക് തൊഴിലാളി പദവി നൽകാൻ കമ്മ്യൂണിസ്റ്റുകാർക്ക് എന്തായിരുന്നു തടസ്സം ? കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പാപ്പരത്തമല്ലേ നമ്മൾ അവിടെ കണ്ടത്. വനിതാ തൊഴിലാളികൾ ആയതുകൊണ്ട് മാത്രമല്ല അവരുടെ അധ്വാനത്തിന് അർഹമായ പരിഗണനയും മുൻഗണനയും കിട്ടാതെ പോയത്.**

ആനുപാതികമായുള്ള ആനുകൂല്യങ്ങൾ ഒന്നും തന്നെ അവർക്ക് ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമായി അവശേഷിക്കുന്നു. വനിതകൾ മാത്രം പ്രവർത്തിക്കുന്ന ഈ മേഖലയിൽ അവർക്ക് ജീവനക്കാർ എന്ന പദവി പോലുമില്ല, ശമ്പളം ലഭിക്കുന്നത് പോലും ഭിക്ഷ എന്ന രീതിയിലാണ്. ഈ ദുരവസ്ഥ മാറ്റാനാണ് കുറഞ്ഞ വേതനം, പിരിഞ്ഞു പോകുമ്പോൾ ലഭിക്കേണ്ട പ്രതിഫലം, പെൻഷൻ എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മാസങ്ങളോളം അവർ തെരുവിൽ സമരം ചെയ്തത്. അതൊരു സഹന സമരം തന്നെയായിരുന്നു. കേരളത്തിലെ വനിതകളുടെ സമര ചരിത്രത്തിൽ അതൊരു പുതിയ അധ്യായം തന്നെ എഴുതി ച്ചേർത്തു എന്നതിൽ ലവലേശം തർക്കമില്ല.

വെയിലും മഴയും മാത്രമല്ല, കുടുംബത്തിൽ നിന്നും മാസങ്ങളോളം വിട്ടുനിൽക്കേണ്ട അവസ്ഥ വരെ വന്നു. ജോലിയും, കൂലിയും ഇല്ലാത്ത പോരാട്ടത്തിന്റെ നാളുകളിൽ അവർ പതറാതെ പിടിച്ചു നിന്നു. പുറമേ അധികാര വർഗ്ഗത്തിന്റെ പരിഹാസവും, ഭീഷണിയും.

അധികാരം കയ്യിൽ ഉണ്ടെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എത്രത്തോളം സമരവിരോധികളാണെന്ന് കേരളം കണ്ടു. മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്ന ആശമാർക്ക് തൊഴിലാളി പദവി നൽകാൻ കമ്മ്യൂണിസ്റ്റുകാർക്ക് എന്തായിരുന്നു തടസ്സം ? കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പാപ്പരത്തമല്ലേ നമ്മൾ അവിടെ കണ്ടത്. വനിതാ തൊഴിലാളികൾ ആയതുകൊണ്ട് മാത്രമല്ല അവരുടെ അധ്വാനത്തിന് അർഹമായ പരിഗണനയും മുൻഗണനയും കിട്ടാതെ പോയത്.

സിപിഒ റാങ്ക് ഹോൾഡേഴ്സിന്റെ സമരത്തിനും ഇതേ അവസ്ഥയല്ലേ ഉണ്ടായത്. പെൺപിളൈ ഒരുമൈ സമരം, നേഴ്സുമാരുടെ സമരം, വ്യാപാര സ്ഥാപനങ്ങളുടെ സ്ത്രീ തൊഴിലാളികളുടെ ഇരിക്കുവാനുള്ള അവകാശ പോരാട്ടം ഒക്കെ സർക്കാരിന്റെ ഇരകളായി.

കശുവണ്ടി ഫാക്ടറികളിൽ അടക്കം സ്ത്രീ തൊഴിലാളികൾ നടത്തിയ സമരങ്ങൾ... കശുവണ്ടി ഫാക്ടറികളിൽ അടക്കം സ്ത്രീ തൊഴിലാളികളുടെ സമരത്തിന്റെയും അവസ്ഥ മറ്റൊന്നായിരുന്നില്ല. ആശമാരുടെ സമരത്തിന്റെ അനന്തരഫലം വച്ച് നോക്കുമ്പോൾ ഇടതു പക്ഷത്തെ വനിതകൾ കുറച്ച് ബാലപാഠങ്ങൾ പഠിപ്പിച്ചു. സമരം എത്രയും പെട്ടെന്ന് അവസാനിപ്പിക്കാൻവേണ്ടി ആശാമാരെക്കൊണ്ട് ആവശ്യങ്ങൾ ഗണ്യമായി വെട്ടി കുറപ്പിച്ചു. തൽക്കാലം മാസശമ്പളം 3000 രൂപയെങ്കിലും വർധിപ്പിക്കുക, പിരിഞ്ഞു പോകുന്ന സമയത്ത് പ്രതിഫലം 5 ലക്ഷം ആക്കുക എന്നീ രണ്ട് ഡിമാൻഡുകളിൽ അവരെ ഒതുക്കി സർക്കാർ തടിതപ്പാൻ ശ്രമിച്ചു. അധിക പ്രതിഫലമായി 3000 രൂപ അനുവദിക്കുമ്പോൾ ഉണ്ടാകുന്ന ചിലവിനേക്കാൾ കൂടുതലായിരുന്നു മന്ത്രിമാർക്ക് ആഡംബര കാറുകൾ വാങ്ങാൻ സർക്കാർ നീക്കിവച്ച തുക. പക്ഷേ സംസ്ഥാന സർക്കാർ കുലുങ്ങിയില്ല. ആഡംബരമില്ലാതെ എന്ത് ഇടതുപക്ഷം. സർക്കാർ താല്പര്യം വനിതാ സിപിഒ റാങ്ക് ഹോൾഡേഴ്സിന്റെ സമരം അവസാനിപ്പിച്ചത് വളരെ പരിതാപകരമായ അവസ്ഥയിലായിരുന്നു. സമരത്തോടൊപ്പം റാങ്ക് ലിസ്റ്റിന്റെ കാലാവധിയും അവസാനിക്കുകയായിരുന്നു.

തൊഴിൽ തേടുന്ന യുവതയുടെ വിങ്ങലും തേങ്ങലും തിരിച്ചറിയാൻ കൂട്ടാക്കാത്ത സർക്കാരാണ് കേരളം ഭരിക്കുന്നത് എന്ന് ജനം തിരിച്ചറിഞ്ഞു. രണ്ടുമാസത്തിലേറെ നീണ്ട സഹനസമരത്തിന്റെ അവസാനത്തെ 15 ദിവസം അതികഠിനം തന്നെയായിരുന്നു വിഷുദിനത്തിൽ സേവ് ഡബ്ല്യു സി പി ഓ എന്ന് ചോര കൊണ്ട് എഴുതിയ പ്ലക്കാർഡുകൾ ഉയർന്നു. സെക്രട്ടേറിയേറ്റിന് മുന്നിലെ നടപ്പാതയിൽ ഉദ്യോഗാർത്ഥികൾ ഭിക്ഷ യാചിച്ചു. പഠിച്ചതും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടുപോയതും തങ്ങളുടെ കുറ്റമാണെന്ന് ഏറ്റു പറഞ്ഞു കൊണ്ട് കൈകാലുകൾ ചുവന്ന റിബൺ കൊണ്ട് ബന്ധിച്ചു. ഇത് എല്ലാം സർക്കാർ കണ്ടില്ലെന്ന് നടിച്ചു.

2023ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ 815 പേർക്കും 2022ലെ ലിസ്റ്റിൽ 757 പേർക്കും നിയമനം നൽകിയിരുന്നു. എന്നാൽ 2024 ലെ 967 പേരുടെ ലിസ്റ്റിൽ 292 പേർക്ക് മാത്രമാണ് നിയമനം ലഭിച്ചത്. 570 ഒഴിവുകൾ നിലവിലുണ്ടായിരുന്ന സമയത്താണ് ഒരാളെ പോലും നിയമിക്കാതെ ലിസ്റ്റിന്റെ കാലാവധി അവസാനിപ്പിച്ചത്.

ഇത്രത്തോളം മനുഷ്യത്വം മരവിച്ച ഒരു നിലപാട് എടുക്കാൻ ഒരു ജനകീയ സർക്കാരിന് എങ്ങനെ കഴിയുന്നു എന്ന ചോദ്യം ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. സമരങ്ങളെ പ്രത്യേകിച്ച് സ്ത്രീകളുടെ സഹന സമരങ്ങളെ താഴ്ത്തിക്കെട്ടിയും അപമാനിച്ചും അവഗണിച്ചും തോൽപ്പിച്ചു കൊണ്ടിരിക്കുന്ന സർക്കാരാണ് ഇടതുപക്ഷ സർക്കാർ' തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് സർക്കാരിന്റെ മുഖംമൂടികൾ ഒന്നൊന്നായി അഴിഞ്ഞുവീഴുന്ന കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്.

പട നയിച്ച
ഭഗീരഥന്മാർ 1



കെ.പി. തമ്പി കണ്ണാടൻ

# ലീഡറുടെ പടയോട്ടങ്ങൾ

കേരളത്തിൽ ലീഡർ എന്ന് അറിയപ്പെട്ടിരുന്ന ഒറ്റ നേതാവേയുള്ളൂ. അതാണ് കെ. കരുണാകരൻ ഇ.എം. എസ്സിന്റെ കുത്സിത തന്ത്രങ്ങൾക്ക്  കുറിക്ക് കൊള്ളുന്ന ബദലൊരുക്കിയ രാഷ്ട്രീയ നേതാവ്. തെറ്റിദ്ധാരണ യുടെ പേരിൽ രണ്ട് പ്രാവശ്യം മുഖ്യമന്ത്രി പദം ത്യജിക്കേണ്ടി വന്ന നേതാവ്. ജനപ്രീതി നേടി ഭൂരിപക്ഷം നേടിയല്ലാതെ അട്ടിമറിയിൽ കൂടി കരുണാകരൻ ഒരിക്കലും അധികാരം കയ്യാളിയിട്ടില്ല. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പ് ഗോദയിൽ ഇത്രത്തോളം ശോഭിച്ച മറ്റൊരു നേതാവ് കേരളത്തിലില്ല. തെരഞ്ഞെടുപ്പിൽ അദ്ദേഹം സൃഷ്ടിച്ച ഉത്സവഭേരി വിസ്മരിക്കാനാവുന്നതല്ല. തെരഞ്ഞെടുപ്പിന്റെ രസതന്ത്രം ഇത്രത്തോളം മനസ്സിലാക്കിയ മറ്റൊരു നേതാവില്ല. കണ്ണൂരിലെ തട്ടകം വിട്ട് തൃശൂരും പിന്നീട് തിരുവനന്തപുരവും രാഷ്ട്രീയക്കളരി യാക്കിയ കരുണാകരൻ 1998 ലെ ലോക്സഭാതെരഞ്ഞെടുപ്പിൽ തലസ്ഥാന മണ്ഡലത്തിൽ നടത്തിയ തെരഞ്ഞെടുപ്പ് പരീക്ഷണം തന്നെ യായിരുന്നു. ലോക്സഭയിലേയ്ക്ക് സി.പി.ഐ യിലെ കെ.വി. സുരേന്ദ്രന ാഥിന്റെ രണ്ടാം പടയോട്ടത്തിന് അന്ന്

കരുണാകരൻ തടയിട്ടു.

ആറ് പതിറ്റാണ്ടു കാലം കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന കെ. കരുണാകരൻ അന്നും ഇന്നും കോൺഗ്രസ്സ് അണികൾക്കും നേതാക്കൾക്കും ലീഡറായിരുന്നു. പലരുടെയും രാഷ്ട്രീയ ഗുരുവും വഴികാട്ടിയുമായിരുന്നു.

തൃശൂർ മഹാരാജാവ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സ്വർണ്ണ മെഡലോടെ പെയിന്റിംഗും ഡ്രോയിംഗും വിജയിച്ച കരുണാകരൻ തൃശൂരിൽ കൗൺസിലറായി വിജയിച്ചാണ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് കടന്നുവന്നത്. ഒല്ലൂക്കരയിൽ നിന്ന് പ്രജാമണ്ഡപത്തിലേയ്ക്കും മണലൂരിൽ നിന്ന് തിരുക്കൊച്ചി നിയമസഭയിലേയ്ക്കുമെത്തിയ കരുണാകരൻ 1965 ൽ മാളയിൽ നിന്നാണ് ആദ്യമായി കേരള നിയമസഭയിൽ അംഗമായത്. അച്ചുതമേനോൻ മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായി. അടിയന്തിരാവസ്ഥക്കാലത്ത് പോലീസിനെ ഭരിച്ചത് കരുണാകരനായിരുന്നു. ചില അതിക്രമങ്ങളൊക്കെ ഉണ്ടായെങ്കിലും അടിയന്തിരാവസ്ഥയെ തുടർന്നുള്ള തെരഞ്ഞെടുപ്പിൽ ഇൻഡ്യയിൽ അധികാരം തിരിച്ചുപിടിച്ച ഏക കോൺഗ്രസ് മുഖ്യമന്ത്രി കരുണാകരനായിരുന്നു. 1977 മുതൽ നാലുതവണ മുഖ്യമന്ത്രിയായ കരുണാകരന്റെ വലിയ തോൽവിയും തൃശൂരിലായിരുന്നു. സി.പി.ഐ യിലെ വി.വി. രാഘവനോട്. 1995 ൽ ഐ.എസ്.ആർ.ഒ ചാരക്കേസ്സിനെ തുടർന്നാണ് മുഖ്യമന്ത്രി പദം രാജിവച്ച് രാജ്യസഭയിലെത്തിയത്. രാജ്യസഭയിലെ കാലാവധി തീരുന്നതിന് മുമ്പായിരുന്നു സ്വന്തം തട്ടകമായിരുന്ന തൃശൂരിലെ തോൽവി. അതിനിടെ ചാരക്കേസ് കള്ളക്കേസായിരുന്നുവെന്ന് തെളിഞ്ഞപ്പോൾപ്പോലും കരുണാകരനോട് കാണിച്ച നീതികേടിന് ഖേദം പ്രകടിപ്പിക്കാൻ കോൺഗ്രസ് നേതൃത്വം തയ്യാറായില്ല.

തിരുവനന്തപുരത്തിനടുത്ത് പള്ളിപുറത്തുണ്ടായ വാഹനാപകടത്തിൽ പരുക്കേറ്റ കരുണാകരൻ ചികിത്സയ്ക്കായി വിദേശത്ത് പോയപ്പോഴുണ്ടായ രാഷ്ട്രീയ നീക്കങ്ങളായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയ പരീക്ഷണം. പക്ഷെ ലീഡർ എക്കാലവും ലീഡർ



**ഒരു ചിത്രകാരന്റെ ഭാവനയോടെയാണ് അദ്ദേഹംതെരഞ്ഞെടുപ്പുകളെ അഭിമുഖീകരിച്ചത്. സ്ഥാനാർത്ഥി നിർണ്ണയം മുതൽ ആരംഭിക്കുന്നു ഈ കരവിരുത്. ഒരുകാലത്ത് എം.എൻ. ഗോവിന്ദൻ നായർ തിരുവനന്തപുരം ലോക്സഭാ മണ്ഡലം അടക്കി വാണപ്പോൾ അദ്ദേഹത്തെ തോല്പിക്കാൻ ലീഡർ കണ്ടെത്തിയ സ്ഥാനാർത്ഥിയായിരുന്നു ഡോ. നീലലോഹിത ദാസൻ നാടാർ. ഒരുലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് നീലൻ വിജയശ്രീലാളിതനായത്. നീലൻ ഇടതുപക്ഷത്തേക്ക് മാറ്റിയപ്പോൾ അദ്ദേഹത്തെ വീഴ്ത്താൻ ചാൾസിനെ വീഴ്ത്തിയതും ലീഡർ തന്നെ.**

തന്നെയായിരുന്നു. പ്രസംഗവേദികളിലെ ക്രൗഡ് പുള്ളറും.

ഒരു ചിത്രകാരന്റെ ഭാവനയോടെയാണ് അദ്ദേഹംതെരഞ്ഞെടുപ്പുകളെ അഭിമുഖീകരിച്ചത്. സ്ഥാനാർത്ഥി നിർണ്ണയം മുതൽ ആരംഭിക്കുന്നു ഈ കരവിരുത്. ഒരുകാലത്ത് എം.എൻ. ഗോവിന്ദൻ നായർ തിരുവനന്തപുരം ലോക്സഭാമണ്ഡലം അടക്കി വാണപ്പോൾ അദ്ദേഹത്തെ തോല്പിക്കാൻ ലീഡർ കണ്ടെത്തിയ സ്ഥാനാർത്ഥിയായിരുന്നു ഡോ. നീലലോഹിത ദാസൻ നാടാർ. ഒരുലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് നീലൻ വിജയശ്രീലാളിതനായത്. തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ നീലനെ തോൽപ്പിക്കാൻ ലീഡർ കണ്ടെത്തിയ സ്ഥാനാർത്ഥിയായിരുന്നു എ. ചാൾസ്. മറുകണ്ടം ചാടിയ നീലനെ തറപ്പറ്റിക്കാൻ ചാൾസിന് കഴിഞ്ഞു. പിന്നീട് ഏറെക്കാലം ചാൾസിനായിരുന്നു തിരുവനന്തപുരത്ത് മേൽക്കൈ.

തിരുവനന്തപുരത്ത് മാത്രമല്ല, ഏതൊരു മണ്ഡലത്തിലും അനുയോജ്യനായ സ്ഥാനാർത്ഥിയെ കണ്ടെത്താൻ കരുണാകരനുള്ള പാടവം മറ്റൊരു നേതാവിനുമില്ല.

നെടുമ്പാശ്ശേരി വിമാനത്താവളം, കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയം, ഗോശ്രീപാലം, കായംകുളം എൻ.ടി.പി.സി, കൊച്ചിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ്, പത്തനംതിട്ട ജില്ലകൾ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ഗുരുവായൂർ റയിൽവേ ലൈൻ എന്നിവ കരുണാകരന്റെ ഭരണ നേട്ടങ്ങളാണ്.

ജീവിതത്തിലെ പ്രതിസന്ധികളായിരുന്നു കരുണാകരനെ കരുത്തനാക്കിയത്. ഒരു നേതാവ് എന്തായിരിക്കണമെന്നും അദ്ദേഹം അണികൾക്ക് കാണിച്ചുകൊടുത്തു. സമാനതകളില്ലാത്ത നേതാവായിരുന്നു അദ്ദേഹം. കരുണാകരന് തുല്യം കരുണാകരൻ മാത്രം.

ബംഗാളികൾക്ക് കേരളമാണ് ഗൾഫ്



# 'ദീദി' വിളിച്ചിട്ടും 'ഭായിമാർ' പോയില്ല

മീര നായർ

## മമതയുടെ ഓഫറുകൾ

- മടങ്ങി വരുന്നവർക്ക് ബംഗാളിൽ ജോലി
- തൊഴിൽ കിട്ടുന്നതുവരെ പ്രതിമാസം 5000 രൂപ
- ഒരുവർഷം വരെ ഈ തുക ലഭിക്കും
- മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം
- കുടുംബത്തിന് ഭക്ഷ്യ ഭദ്രത ഉറപ്പാക്കും
- ആരോഗ്യ പദ്ധതികളുടെ ആനുകൂല്യം

ഇൻഡ്യയിൽ ഏറ്റവും ഉത്കൃഷ്ട പാരമ്പര്യമുള്ള സംസ്ഥാനമേത് എന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ. – ബാംഗാൾ. ആ സംസ്ഥാനത്ത് മൂന്നര പതിറ്റാണ്ട് ഭരണം നടത്തിയ ഇടതുപക്ഷം പുതിയ തലമുറയെ ഒന്നടങ്കം വഴിയാധാരമാക്കി. കേരളത്തിലാകട്ടെ ഒരു പതിറ്റാണ്ട് അവർ ഭരിച്ചപ്പോൾ തന്നെ പുത്തൻ തലമുറ അവതാളത്തിലായി. ബംഗാളി യുവാക്കൾ വന്നത് കേരളത്തിലാണെങ്കിൽ കേരളത്തിലെ യുവാക്കൾ പോയത് ഏഷ്യൻ രാജ്യങ്ങളിലേയ്ക്ക് എന്ന വ്യത്യാസം മാത്രം.

ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി ഒട്ടേറെ പ്രലോഭനങ്ങൾ വാഗ്ദാനം ചെയ്ത് കേരളത്തിൽ ജോലി ചെയ്യുന്ന ബംഗാളികളെ മടക്കി വിളിച്ചെങ്കിലും ഒരാൾ പോലും തിരിച്ചുപോകാൻ തയ്യാറായില്ല. കാരണം അവരെല്ലാം കേരളത്തിൽ അധ്വാനിച്ചുകൂട്ടിയ പണം കൊണ്ട് ഏറെക്കുറെ ധന്യമായ ജീവിതം പടുത്തുയർത്തിക്കഴിഞ്ഞു. കൂടുതൽ പേർകേരളത്തിലേയ്ക്ക് ഒഴുകുന്നതല്ലാതെ തിരികെ പോകുന്നവർ വളരെ വിരളം. കേരളീയർക്ക് ഗൾഫ് പോലെയാണ് ബംഗാളികൾക്ക് കേരളം. പശ്ചിമ ബംഗാളിൽ മൂന്നര പതിറ്റാണ്ട് ഭരണം നടത്തിയ സി.പി.എം. നേതൃത്വത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റ് അവിടുത്തെ പുതിയ തലമുറയെ ഭിക്ഷാംദേഹികളാക്കി മാറ്റി എന്നതാണ് യാഥാർത്ഥ്യം. ഇതംഗീകരിക്കാൻ

**വോട്ടർ പട്ടികയിലെ വെട്ടി നിരത്തൽ കൂടിയാണ് മമത യുടെ തിരിച്ചുവിളിക്ക് കാരണമെന്ന് വിലയിരു ത്തലുണ്ട്.. ശ്രമശ്രീ എന്ന പേരിലാണ് ഈ തിരിച്ചു വിളിക്കൽ പദ്ധതി പ്രഖ്യാപി ച്ചത്. മടങ്ങിവരുന്നവർക്ക് ബംഗാളിൽ ജോലി, തൊഴിൽ കിട്ടുന്നതുവരെ പ്രതിമാസം 5000 രൂപയുടെ വേതനം മക്കൾക്ക്, സൗജന്യ വിദ്യാഭ്യാസം, കുടുംബത്തിന് ഭക്ഷ്യഭദ്രത, ആരോഗ്യ പദ്ധതിയുടെ ആനുകൂല്യ ങ്ങൾ എന്നിവയാണ് മമതയുടെ പ്രലോഭനങ്ങൾ.**

സി.പി.എം. നേതൃത്വം ഇനിയും തയ്യാറായിട്ടില്ല. കാരണം കേരളത്തെ കൂടി ബംഗാളിന്റെ അവസ്ഥയിൽ കൊണ്ടെത്തിച്ചാൽ മാത്രമേ ആ പാർട്ടിയുടെ രാഷ്ട്രീയ ദൗത്യം പൂർത്തിയാകുന്നുള്ളൂ. ഏതാനും ദിവസങ്ങൾക്കകം അതും പൂർത്തീകരിക്കുന്നതോടെ ഇൻഡ്യൻ ഭൂപടത്തിൽ നിന്നും ചുവപ്പ് നിറം എന്നെന്നേയ്ക്കുമായി മാഞ്ഞുപോകും എന്നാണ് രാഷ്ട്രീയ വിദ്യാർത്ഥികൾ പഠിക്കുന്ന പാഠം.

കേരളത്തിൽ 35 ലക്ഷം അതി ഥി തൊഴിലാളികൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ ബംഗാളികൾ 41 ശതമാനം വരും. കേരളം ഉൾപ്പെ ടെയുള്ള സംസ്ഥാനങ്ങളിലേയ്ക്ക് 22 ലക്ഷം ബംഗാളികൾ കുടിയേറി യിട്ടുണ്ടെന്നാണ് കണക്ക്. വോട്ടർ പട്ടികയിലെ വെട്ടിനിരത്തൽ കൂടി യാണ് മമതയുടെ തിരിച്ചുവിളിക്ക് കാരണമെന്ന് വിലയിരുത്തലുണ്ട്.. ശ്രമശ്രീ എന്ന പേരിലാണ് ഈ തിരിച്ചുവിളിക്കൽ പദ്ധതി പ്രഖ്യാപിച്ചത്. മടങ്ങിവരുന്നവർക്ക് ബംഗാളിൽ ജോലി, തൊഴിൽ കിട്ടുന്നതുവരെ പ്രതിമാസം 5000 രൂപയുടെ വേതനം മക്കൾക്ക്, സൗജന്യ വിദ്യാഭ്യാസം, കുടുംബ ത്തിന് ഭക്ഷ്യഭദ്രത, ആരോഗ്യ



പദ്ധതിയുടെ ആനുകൂല്യങ്ങൾ എന്നിവയാണ് മമതയുടെ പ്രലോ ഭനങ്ങൾ. മറ്റേത് സംസ്ഥാനത്തെ ക്കാളും മികച്ച കൂലി കേരളത്തിൽ കിട്ടുന്നതിനാൽ ബംഗാളികളാരും മടങ്ങിപ്പോവില്ലെന്നാണ് സംസ്ഥാന സർക്കാരിന്റെ കണക്കുകൂട്ടൽ.

എന്നാലും ബംഗാളികളെ മമത ആവർത്തിച്ച് തിരിച്ചുവിളിക്കു മ്പോൾ കേരളത്തിന് ചങ്കിടിപ്പുണ്ട്. കാരണം ബംഗാളികൾ മടങ്ങാൻ തുടങ്ങിയാൽ കേരളം നേരിടേണ്ടി വരിക ഗുരുതരമായ തൊഴിൽ ഭീഷ ണിയായിരിക്കും. കേരളത്തിൽ ഏറ്റവും മികച്ച കൂലി നിലവിലുള്ളതിനാൽ അങ്ങനെയൊരു ഭീഷണിക്ക് സമീപഭാവിയിലൊന്നും സാധ്യതയില്ല.

അതേ സമയം ബംഗ്ലാദേശിക ളെന്ന് മുദ്രകുത്തിയുള്ള വിദ്വേഷ പ്രചാരണം ഭിതി വിതച്ചത് കാര ണമുള്ള അരക്ഷിതത്വം ചിലയി ടങ്ങളിലുണ്ടെന്ന് സെന്റർ ഫോർ മൈഗ്രേഷൻ ആന്റ് ഇൻക്ലൂസീവ് ഡവലപ്മെന്റിന്റെ (സി.എം.ഐ.ഡി) എക്സിക്യൂട്ടീവ് ഡയറക്ടർ പറയുന്നു.

കേരളത്തിലെ കൂലി തന്നെ യാണ് മുഖ്യ ആകർഷണം കായി കാധ്വാനം ഏറെയുള്ള നിർമ്മാണ രംഗത്താണ് അവർ കൂടുതലായും ജോലി ചെയ്യുന്നത്. 15.7 ശതമാനം പേർ മരപ്പണി, ഫർണിച്ചർ, നിർമ്മാണ രംഗത്ത് 13.22 ശതമാനം പേർ തൊഴിലെടുക്കുന്നു. ഹോട്ടൽ, റെസ്റ്റോറന്റ് മുതൽ ജൂവലറി നിർമ്മാണ രംഗത്തുവരെ ബംഗാളി സാന്നിധ്യം ഏറെ.

ശരാശരി 800-900 രൂപയാണ് കൂലി. മേസ്തിരിക്ക് 1200 രൂപവരെയും വൈദഗ്ധ്യമുള്ളവർക്ക് ചുരുങ്ങിയത് 1000 രൂപ ലഭിക്കും. തൊഴിലിന്റെ സ്വഭാവമനുസരിച്ച് കൂലി കൂടും.

2011 ലെജന സംഖ്യ കണക്കെടുപ്പിൽ ഏറ്റവുമധിക പട്ടിക ജാതിക്കാരുള്ള രാജ്യത്തെ പത്തുജില്ലകളിൽ ഒമ്പതെണ്ണവും ബംഗാളിലാണ്. ഇതിൽ സൗത്ത് പർഗാനാസ്, നോർത്ത് 24 പർഗാനാസ്, ബർധമാൻ, നാദിയ, ജൽപായ്ഗുഡി ജില്ലകളിൽ നിന്നായി വൻ തോതിൽ ബംഗാളികൾ കേരള ത്തിലെ തൊഴിലിടങ്ങളിലുണ്ട്.

ബാംഗാളിൽ നിന്നുള്ള തൊഴി ലാളികളിൽ രണ്ടിലൊരാൾ മുസ്ലീം വിഭാഗത്തിൽപ്പെട്ടവരാണെന്ന് ആസൂത്രണ ബോർഡ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. എറണാകുളം പെരുമ്പാവൂരിലെ പ്ലൈവുഡ് മേഖലയിൽ മുർഷാദാബാദ്, ജൽപായ് ഗുഡി, കൂച്ച് ബീഹാർ, നാദിയ ജില്ലകളിൽ നിന്നുള്ളവർ ഏറെയുണ്ട്. പരമ്പരാഗത ഹിന്ദു മത്സ്യ തൊഴിലാളി മേഖലയായ സൗത്ത് 24 പർഗാനാസിൽ നിന്നുള്ളവരും കേരളത്തിലെ തീര പ്രദേശങ്ങളിൽ തൊഴിലെടുക്കുന്നത് കാണാം. എന്തായാലും ബംഗാളികൾ ഇന്ന് കേരളീയ ജീവിതത്തിൽ അലിഞ്ഞു ചേർന്നവരാണ്. ഒരു ശക്തിയും വേർപ്പെടുത്താനാകാത്തവിധം ആ ബന്ധം അനുദിനം ശക്തിപ്പെടുകയാണ്.
രണ്ട് വ്യത്യസ്ത സംസ്കാരങ്ങളുടെ ജീവിത രീതികളുടെ പാരമ്പര്യ ങ്ങളുടെ സമന്വയമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

## കുഞ്ഞികൃഷ്ണന്റെ പുസ്തകം നേരിന്റെ നേർക്കാഴ്ചയായി




# നേതൃത്വത്തെ അണികൾ തിരുത്തി തുടങ്ങി

പ്രദീപ് മേനോൻ

വി.കുഞ്ഞികൃഷ്ണന്റെ നേതൃത്വത്തെ അണികൾ തിരുത്തണം എന്ന പുസ്തകം സി.പി.എമ്മിൽ രാഷ്ട്രീയ ശുദ്ധീകരണത്തിന് പ്രചോദനമാകുമെന്നാണ് പാർട്ടിയെ സ്നേഹിക്കുന്നവർ വിലയിരുത്തുന്നത്. വിലക്കുകൾ ലംഘിച്ച് പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്തവൻ ജനാവലി നേതൃത്വത്തെ അണികൾ തിരുത്തി തുടങ്ങിയതിന്റെ സൂചനയുമായി. ഏറ്റവും ശരിയായ സമയത്ത് പുറത്തിറങ്ങിയ ഈ പുസ്തകം കമ്മ്യൂണിസ്റ്റ് ചരിത്രത്തിന്റെ സാക്ഷിപത്രമായാലും അത്ഭുതപ്പെടാനില്ല.

രാഷ്ട്രീയത്തിൽ നേതൃത്വത്തെ അണികൾ തിരുത്തുന്ന ഒരു കാലം വരുമെന്ന് ആരും പ്രതീക്ഷിച്ചതല്ല-പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ കണ്ണൂരിൽ തന്നെ ഇതിന് തുടക്കം കുറിച്ചു എന്നത് ചരിത്രത്തിന്റെ ഒരു നിയോഗം തന്നെയാകാം. രാഷ്ട്രീയത്തിലെ നവോത്ഥാനമെന്നോ അഴിമതിക്കെതിരായ വിപ്ളവമെന്നോ ഭാവിയിൽ ഇതിനെ ആരെങ്കിലും വിശേഷിപ്പിച്ചാലും അത്ഭുതപ്പെടാനില്ല. നവകേരള നിർമ്മിതിയിൽ ഇതൊരു നാഴികക്കല്ലാകുമെന്ന് പ്രത്യാശിക്കാം.

കണ്ണൂർ ജില്ലാ കമ്മറ്റി അംഗമായിരുന്ന വി. കുഞ്ഞുകൃഷ്ണന്റെ പുസ്തകമാണ് പാർട്ടിയിൽ പുതിയൊരു ഭൂകമ്പത്തിന് ഹേതുവായത്. നേരിന്റെ നേർകാഴ്ച എന്ന നിലയിലുള്ള സഖാവിന്റെ ആത്മാവിഷ്ക്കാരമാണ് ഈ പുസ്തകം. പ്രകാശന ചടങ്ങിൽ ചൂടപ്പം പോലെയാണ് പുസ്തകം വിറ്റഴിച്ചത്. സംസ്ഥാനത്തൊട്ടാകെ തന്നെ പുസ്തകത്തിന് വേണ്ടിയുള്ള മുറവിളികളാണ് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. എന്തായാലും ഈ ഒരൊറ്റ പുസ്തകം മതി കുഞ്ഞികൃഷ്ണന്റെ ജീവിതം മാറാൻ.

ആഹ്വാനം അവർ മനസ്സാവരിച്ചു എന്നാണ് പുസ്തക പ്രകാശനത്തിന് ശേഷമുള്ള പ്രതികരണങ്ങൾ വ്യക്തമാക്കുന്നത്. പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന് സാമാന്യ സഖാക്കൾ ഉറക്കെ ചിന്തിക്കുമ്പോഴാണ് മുതിർന്ന നേതാവായ കുഞ്ഞികൃഷ്ണന്റെ തന്നെ മണി കെട്ടിയത്. ഇനിയങ്ങോട്ട് നേതാക്കളുടെ തിരുത്തലുകളാകും കാണാൻ കഴിയുക. കാലം മാറി കഥമാറി എന്ന് നേതാക്കൾ തിരിച്ചറിഞ്ഞിട്ടുണ്ടാകണം. കുറ്റം ചെയ്തവർക്കെതിരെ നടപടി എടുക്കുന്നതിന് പകരം അത് ചൂണ്ടിക്കാണിച്ചയാൾക്കെതിരെ നടപടി വന്ന ഘട്ടത്തിലാണ് ജനങ്ങളോട് കാര്യങ്ങൾ തുറന്നു പറയുന്നതെന്ന് പുസ്തകത്തിൽ പറയുന്നു.

നേതൃത്വത്തെ അണികൾ തിരുത്തണം എന്നതാണ് പുസ്തകത്തിന്റെ പേര് ഒരു ഗ്രന്ഥത്തിന്റെ പേര് എന്നതിനപ്പുറം സത്യസന്ധനും പരമ സാത്വികനുമായ ഒരുകമ്മ്യൂണിസ്റ്റ് നേതാവിന്റെ ആത്മാർത്ഥമായ ആഹ്വാനമായിട്ടാണ് സഖാക്കൾ ഈ ഗ്രന്ഥത്തെ കാണുന്നത്. ആഹ്വാനം അവർ മനസ്സാവരിച്ചു എന്നാണ് പുസ്തക പ്രകാശനത്തിന് ശേഷമുള്ള പ്രതികരണങ്ങൾ വ്യക്തമാക്കുന്നത്. പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന് സാമാന്യ സഖാക്കൾ ഉറക്കെ ചിന്തിക്കുമ്പോഴാണ് മുതിർന്ന നേതാവായ കുഞ്ഞികൃഷ്ണന്റെ തന്നെ മണികെട്ടിയത്. ഇനിയങ്ങോട്ട് നേതാക്കളുടെ തിരുത്തലുകളാകും കാണാൻ കഴിയുക. കാലം മാറി കഥമാറി എന്ന് നേതാക്കൾ തിരിച്ചറിഞ്ഞിട്ടുണ്ടാകണം.

കുറ്റം ചെയ്തവർക്കെതിരെ നടപടി എടുക്കുന്നതിന് പകരം അത് ചൂണ്ടിക്കാണിച്ചയാൾക്കെതിരെ നടപടി വന്ന ഘട്ടത്തിലാണ് ജനങ്ങളോട് കാര്യങ്ങൾ തുറന്നു പറയുന്നതെന്ന് പുസ്തകത്തിൽ പറയുന്നു. ജനങ്ങളിൽ നിന്നും പിരിച്ച പണം കൈയിട്ടുവാരി എന്ന് ബോധ്യപ്പെട്ടാൽ എങ്ങനെയാണ് നോക്കി നിൽക്കുക.? രക്തസാക്ഷി ഫണ്ടിൽപ്പോലും കൃത്രിമം നടത്താൻ തയ്യാറായാൽ അതിനോട് എങ്ങനെ പൊരുത്തപ്പെടാനാകും? സത്യം ജനങ്ങളോടു പറയാൻ ഇങ്ങനെയൊരു മാർഗ്ഗം സ്വീകരിക്കുകയല്ലാതെ മറ്റ് വഴികളില്ല. സഖാക്കൾ തന്നോട് പൊറുക്കുക എന്നും കുഞ്ഞികൃഷ്ണൻ പറയുന്നു.

ധനരാജ് ഫണ്ട് കെട്ടിട നിർമ്മാണ ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട് ഓരോ തവണ അവതരിപ്പിച്ച കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് എങ്ങനെയാണ് തട്ടിപ്പ് നടന്നതെന്ന് പുസ്തകത്തിൽ വ്യക്തമാക്കുന്നത്. പാർട്ടിക്കകത്തെ തെറ്റുകൾക്കെതിരെയും സധൈര്യം പോരാടിയ നേതാവാണ് വി.എസ്. അച്യുതാനന്ദൻ എന്നും പുസ്തകം വി.എസിന്റെ ജ്വലിക്കുന്ന സ്മരണകൾക്കുമുമ്പിൽ സമർപ്പിക്കുന്നു എന്നും കുറിച്ചുകൊണ്ടാണ് അവസാനിപ്പിച്ചിരിക്കുന്നത്.

പുസ്തകത്തിലെ ഉള്ളടക്കത്തിലെ ചില കാര്യങ്ങൾ നേരത്തെ തന്നെ പുറത്തുവന്നിരുന്നു. ടി.ഐ. മധുസൂദനൻ എം.എൽ.എ. ഏരിയാ സെക്രട്ടറിയായതുമുതലാണ് പാർട്ടിയെ കൈപ്പിടിയിലൊതുക്കാൻ ശ്രമം നടന്നതെന്ന് പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നു. പയ്യന്നൂരിലെ നേതൃത്വം താനാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള ബോധപൂർവമായ ശ്രം ടി. ഐ. മധുസൂദനൻ നടത്തി. ക്യാംപെയിൻ നടത്താൻ ആശ്രിതരെ സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി ചെറുഗ്രൂപ്പുകൾ പലയിടത്തും ഉണ്ടാക്കി. നവീകരണ സ്ഥാപനങ്ങളിലും മറ്റും തൊഴിൽ നൽകുമ്പോൾ ഇത് താൻ നൽകിയതാണ് അല്ലാതെ പാർട്ടിയല്ല എന്ന ബോധം വളർത്താൻ ശ്രമം നടന്നു. എതിർക്കുന്നവരോട് മരണം വരെ പങ്കുവച്ചു പുലർത്തുന്ന ആളാണ് മധുസൂദനൻ. ഞാനാണ് പാർട്ടി, ഞാൻ പറയുന്നതേ നടക്കൂ എന്ന മനോഭാവമാണ്. ഇക്കാര്യങ്ങൾ പാർട്ടിക്കകത്ത് ചോദ്യം ചെയ്തെങ്കിലും കാര്യമായ മാറ്റമുണ്ടായില്ലെന്നും പുസ്തകത്തിൽ പറയുന്നു.

തെരഞ്ഞെടുപ്പ് ഫണ്ട്, ധനരാജ് രക്തസാക്ഷിഫണ്ട്, ഏരിയാ കമ്മിറ്റി ഓഫീസ് തെരഞ്ഞെടുപ്പ് ഫണ്ട് എന്നിവയിൽ ക്രമക്കേട് നടത്തി. കെട്ടിട നിർമ്മാണത്തിനായി സഹകരണ ജീവനക്കാരിൽ നിന്നും പിരിച്ച 70 ലക്ഷം രൂപ കാണാനില്ലെന്നും കുഞ്ഞികൃഷ്ണൻ വെളിപ്പെടുത്തിയിരുന്നു.

പുസ്തക പ്രകാശന ചടങ്ങിൽ വൻജനാവലിയാണ് പങ്കെടുത്തത്. സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് കുഞ്ഞികൃഷ്ണൻ ഹൈക്കോടതിയെ സമീപിച്ചതിനെതുടർന്ന് കനത്ത പോലീസ് കാവലിലാണ് പ്രകാശനം നടന്നത്. ചടങ്ങിൽ ആളുകൾ പങ്കെടുക്കാതിരിക്കാൻ ആസൂത്രിതമായ ശ്രമം നടന്നെന്നും ചടങ്ങ് മാറ്റിവച്ചെന്ന് നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചെന്നും കുഞ്ഞികൃഷ്ണൻ ചടങ്ങിൽ ആരോപിച്ചു.

എന്റെ വീടിന് മുന്നിൽ പടക്കം പൊട്ടിച്ചു. പ്രസന്നന്റെ ബൈക്ക് കത്തിച്ചു. ഉന്നയിച്ച വിഷയങ്ങൾക്ക് മറുപടി ഇല്ലാത്തതുകൊണ്ടാണ് പ്രകോപനം സൃഷ്ടിക്കാനും അക്രമങ്ങൾ സംഘടിപ്പിക്കാനും ചിലർ മുന്നിട്ടിറങ്ങുന്നത്. എനിക്കെതിരെ നവമാധ്യമങ്ങളിൽ വൻ പ്രചാരവേല നടത്തുന്നു. സദസ്സിന് മുമ്പിൽ പറയാൻ പോലും പറ്റാത്ത വാക്കുകൾ ഉപയോഗിച്ചുകൊണ്ടുള്ള അശ്ലീല സന്ദേശങ്ങൾ അടക്കം പ്രചരിപ്പിച്ച് വ്യക്തിപരമായി തേജോവധം ചെയ്യുകയാണ്, കുഞ്ഞികൃഷ്ണൻ പറഞ്ഞു.

പാർട്ടിയുടെ വഴിയും സത്യത്തിന്റെ വഴിയും രണ്ടായത് എന്നാണെന്നും ആർക്ക് വേണ്ടിയാണെന്നും ചിന്തിക്കേണ്ട ചുമതല പാർട്ടിയെ സ്നേഹിക്കുന്ന എല്ലാവർക്കുമുണ്ടെന്ന് പുസ്തകം പ്രകാശനം ചെയ്ത രാഷ്ട്രീയ നിരീക്ഷകൻ ജോസഫ് സി. മാത്യു പറഞ്ഞു. പയ്യന്നൂർ ഗാന്ധിപാർക്കിൽ നിറഞ്ഞു കവിഞ്ഞ ജനാവലിയെ സാക്ഷിയാക്കിയായിരുന്നു പ്രകാശനം. പാർട്ടി വിലക്ക് ലംഘിച്ച് ചടങ്ങിൽ പങ്കെടുത്ത അണികൾ നേതാക്കളെ തിരുത്താൻ മുന്നിട്ടിറങ്ങിക്കഴിഞ്ഞു എന്ന സന്ദേശമാണ് ജനകൂട്ടം നൽകുന്നത്.



കെ. ചന്ദ്രശേഖരൻ

# ഇടത് ഭരണം: സഹയാത്രികർക്കും സഹികെട്ടു

കേരളത്തെയും ഇടതുപക്ഷത്തെയും രക്ഷിക്കണമെങ്കിൽ തുടർഭരണം വരരുതേ എന്നാണ് എല്ലാവരുടെയും പ്രാർത്ഥന. സഹയാത്രികർ സി.പി.എമ്മിനെ സവിനയം തിരുത്താൻ തുടങ്ങിയത് ഒട്ടും യാദൃശ്ചികമല്ല. ഇത് കാലത്തിന്റെ ആവശ്യമാണ്. അനിവാര്യമായും സംഭവിക്കേണ്ടത് മാത്രമെ സംഭവിച്ചിട്ടുള്ളൂ.



തുടർ ഭരണം പാർട്ടിയെ ദുർബലമാക്കുന്നതിനെക്കുറിച്ച് സി.പി.എമ്മിൽ തന്നെചർച്ച നടക്കുമ്പോഴാണ് പാർട്ടി സൈദ്ധാന്തികനായ സച്ചിദാനന്ദന്റെ തുറന്നുപറച്ചിൽ. അദ്ദേഹത്തെ പിന്തുണച്ച് പാർട്ടി സഹയാത്രികയും നോവലിസ്റ്റുമായ സാറാ ജോസഫ് കൂടി രംഗത്ത് വന്നതോടെ പ്രസ്ഥാനത്തിന് സംഭവിച്ച അപചയമാണ് പുറത്തായത്. പക്ഷെ അവരുടെയൊക്കെ വാക്കുകൾ കേരളത്തിന്റെ മനസ്സാക്ഷിയുടെ ശബ്ദമാണ്. കേരളത്തെയും ഇടതുപക്ഷത്തെയും രക്ഷിക്കണമെങ്കിൽ തുടർഭരണം വരരുതേ എന്നാണ് എല്ലാവരുടെയും പ്രാർത്ഥന. സഹയാത്രികർ സി.പി.എമ്മിനെ സവിനയം തിരുത്താൻ തുടങ്ങിയത് ഒട്ടും യാദൃശ്ചികമല്ല. ഇത് കാലത്തിന്റെ ആവശ്യമാണ്. അനിവാര്യമായും സംഭവിക്കേണ്ടത് മാത്രമെ സംഭവിച്ചിട്ടുള്ളൂ. പ്രശസ്ത എഴുത്തുകാരനും ഇടതുപക്ഷ സൈദ്ധാന്തികനുമായ സച്ചിദാനന്ദൻ കൃത്യമായ സമയത്തുതന്നെയാണ് തന്റെ ഉത്തരവാദിത്തം നിറവേറ്റിയിരിക്കുന്നത്. എം.ടി.. യെപ്പോലുള്ള സമുന്നതന്മാർ ഒരു നിർണ്ണായക ഘട്ടത്തിൽ നൽകിയ സൂചനകളും മുന്നറിയിപ്പുകളും മാത്രമെ അദ്ദേഹവും നൽകിയിട്ടുള്ളൂ. ഭരണം മാറി മാറി വരുന്നതാണ് കേരളത്തിന് അഭികാമ്യം. ഇല്ലെങ്കിൽ ബാംഗാളിൽ സംഭവിച്ചത് ഇവിടെയും ആവർത്തിക്കും. മധ്യവർഗ്ഗത്തെ സന്തോഷിപ്പിക്കുന്നതല്ല ജനാധിപത്യം. ശബ്ദമില്ലാത്തവരെ കേൾക്കുന്നതാണ് ജനാധിപത്യം. തിരുത്താൻ അവസരം കിട്ടണമെങ്കിലും പ്രതിപക്ഷത്തിരിക്കണം. പത്ത് വർഷം ഭരിച്ചത് കോൺഗ്രസ്സാണെങ്കിലും ഞാൻ ഇതുതന്നെ പറയും.

സച്ചിദാനന്ദൻ ഒരു കാര്യം കൂടി വെട്ടിത്തുറന്നുപറയുന്നു. – കമ്മ്യൂണിസ്റ്റുകാർ ന്യൂനപക്ഷത്തോടൊപ്പമാണ് നില്ക്കേണ്ടത്. ഭൂരിപക്ഷ പ്രീണനം ശരിയല്ല.

സച്ചിദാനന്ദന്റെ ഈ വാക്കുകൾ ആരെയും അലോസരപ്പെടുത്തുന്നതല്ല. ആർക്കും അരോചകവുമല്ല. അതിൽ അസത്യമോ അസംബന്ധമോ ഇല്ല. പച്ചയായ യാഥാർത്ഥ്യങ്ങൾ മാത്രം. പാർട്ടി കേരളത്തിലെങ്കിലും അവശേഷിക്കണമെങ്കിൽ ബംഗാളിൽ നിന്നുള്ള അനുഭവ പാഠം മുൻ നിർത്തി അടുത്ത തെരഞ്ഞെടുപ്പിന് ശേഷം പ്രതിപക്ഷത്തിരിക്കണം. ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥ കണക്കിലെടുത്താൽ കേരളത്തിൽ അടുത്ത ഭരണം യു.ഡി.എഫിന്റേതാകുമെന്ന് എല്ലാവർക്കുമറിയാം. എന്നാൽ അബദ്ധവശാൽ ഒരു പക്ഷെ ഇടതുപക്ഷം അധികാരത്തിൽ വ്ന്നാൽ അരാജകത്വമായിരിക്കും ഫലം. പിന്നെ കേരളവുമില്ല സി.പി.എമ്മുമില്ല. ആ സ്ഥിതി ഒഴിവാക്കുന്നതല്ലേ



നല്ലത്? കേരളം നീണാൾ നിലനിൽക്കട്ടെ അതുപോലെ ഇടതുപക്ഷവും.

ബംഗാളിൽ എന്താണ് സംഭവിച്ചത്? മൂന്നര പതിറ്റാണ്ട് തുടർച്ചയായി ഭരിച്ചപ്പോൾ അവസരവാദികളും സ്വാർത്ഥമോഹികളും ആർത്തി പണ്ടാരങ്ങളും ഭരണ സംവിധാനത്തിലേയ്ക്ക് ഇരച്ചു കയറി. ഒരു ഘട്ടത്തിൽ പാർട്ടിതന്നെ അവരുടെ വരുതിയിലായി. യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾക്ക് പാർട്ടിയിൽ ശബ്ദമില്ലാതായി. ഇത്തവണകൂടി കേരളത്തിൽ തുടർഭരണം ലഭിച്ചാൽ കേരളം മറ്റൊരു ബംഗാളാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. അതിനുള്ള സൂചനകൾ ഇപ്പോഴെ ലഭിച്ചു

**കാരശ്ശേരിയുടെ വാക്കുകൾ സി.പി.എമ്മിനെ അലോസരപ്പെടുത്തുന്നില്ല. കാരണം കാരശ്ശേരി ഇടതുപക്ഷവിരുദ്ധചേരിയിലാണ്. എന്നാൽ സച്ചിദാനന്ദൻ അങ്ങനെയല്ല. ഇടതുപക്ഷത്തിന്റെ സാംസ്കാരിക ജിഹ്വയാണ്. കേരള സാഹിത്യ അക്കാഡമി ചെയർമാനാണ്.**

കൊണ്ടിരിക്കുന്നു. ഭരണ നേതൃത്വത്തെയോ പാർട്ടിയെയോ വിമർശിക്കാൻ പൊതുജനങ്ങൾ ഭയക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പ്രതീക്ഷയറ്റ പുതിയ തലമുറ പാശ്ചാത്യരാജ്യങ്ങളിലേയ്ക്ക് കുടിയേറാൻ നെട്ടോട്ടമോടുന്നു. ബംഗാളിലെ ലക്ഷക്കണക്കിന് യുവാക്കൾ കേരളത്തിൽ വന്ന് കഴുതകളെപ്പോലെ പണിയെടുക്കുന്നതും ഇവിടുത്തെ യുവതയ്ക്ക് ഒരുപാഠം തന്നെയാണ്. അതിനാൽ ഇടതുപക്ഷം ഇനി പ്രതിപക്ഷത്തിരിക്കുന്നതാണ് അവർക്കും കേരളത്തിനും നല്ലത്.

ഇടതുപക്ഷത്തിന് എതിരെ അതിരൂക്ഷ വിമർശനവുമായി പ്രശസ്ത നോവലിസ്റ്റ് സാറാ ജോസഫും രംഗത്തെത്തി. ഇടതുപക്ഷം രക്ഷപ്പെടണമെങ്കിൽ ഭരണമാറ്റം ഉണ്ടാകണം. അധികാരത്തിനായി ഏത് പിശാചിനെയും കൂട്ടുപിടിക്കാൻ തയ്യാറായാൽ കാലം അവർക്ക് മാപ്പ് നൽകില്ല.

അധികാരത്തിലേയ്ക്ക് വന്നത് ഇടതുപക്ഷമാണ്. പിണറായി വിജയനല്ല. എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടികളും നശിക്കുന്നത് അതിന്റെ ഏകാധിപത്യ സ്വഭാവത്തിലേയ്ക്ക് സഞ്ചരിക്കുമ്പോഴാണ്. പാർട്ടിയിൽ നിന്ന് വിട്ട് ഒരു വ്യക്തി ഏകാധിപത്യത്തിലേയ്ക്ക് പോകുന്നു. പാർട്ടിയുടെ നാശവും അങ്ങനെയാണ് സംഭവിക്കുന്നത്- സാറാ ജോസഫ് പറഞ്ഞു.

ചർച്ചയ്ക്ക് തുടക്കമിട്ടത് പ്രൊഫസർ എം.എൻ കാരശ്ശേരിയാണ്. മൂന്നാം വട്ടവും എൽ.ഡി.എഫ് അധികാരത്തിലെത്തിയാൽ ഭരണത്തിന്റെ ശീതളഛായയിൽ സി.പി.എം. ദുർബലമാകും. മൂന്നാം പക്ഷവും പ്രിതപക്ഷത്തിരിക്കേണ്ടി വന്നാൽ ആ മുന്നണിയും ദുർബലമാകും. പിന്നെ ബി.ജെ.പിയുടെ കാലം. ഇങ്ങനെയായിരുന്നും കാരശ്ശേരിയുടെ അവലോകനം

കാരശ്ശേരിയുടെ വാക്കുകൾ സി.പി.എമ്മിനെ അലോസരപ്പെടുത്തുന്നില്ല. കാരണം കാരശ്ശേരി ഇടതുപക്ഷവിരുദ്ധചേരിയിലാണ്. എന്നാൽ സച്ചിദാനന്ദൻ അങ്ങനെയല്ല. ഇടതുപക്ഷത്തിന്റെ സാംസ്കാരിക ജിഹ്വയാണ്. കേരള സാഹിത്യ അക്കാഡമി ചെയർമാനാണ്. അങ്ങനെയൊരാൾ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ തുടർഭരണം അപകടമാണെന്ന് പറയുമ്പോൾ ആഘാതം എൽ.ഡി.എഫിനാണ്. തുടർഭരണം പാർട്ടിയെ ദുർബലമാക്കുന്നതായി സി.പി. എമ്മിനുള്ളിൽ തന്നെ ചർച്ചയുണ്ട്. ഇതിനുവേണ്ട തിരുത്തലുകൾ തുടങ്ങിയെങ്കിലും അതൊന്നും ഫലപ്രദമാകുന്നില്ലെന്ന പ്രശ്നവും നേരിടുന്നുണ്ട്. ആ ഘട്ടത്തിലാണ് സച്ചിദാനന്ദന്റെ തുറന്നു പറച്ചിൽ.

സച്ചിദാനന്ദനെ പിന്തുണച്ച് സാറാജോസഫ് കൂടി വന്നതോടെ ഇടതുപക്ഷത്തിന്റെ അപചയമാണ് അനാവരണം ചെയ്യപ്പെട്ടത്. വി.ഡി. സതീശന്റെ ഭാഷയിൽ പറഞ്ഞാൽ ഈ സർക്കാരിൽ നല്ല കമ്മ്യൂണിസ്റ്റുകാർക്ക് താത്പര്യമില്ലെന്ന് സാരം.

അങ്ങനെ കേരളത്തിന്റെ മനസ്സാക്ഷിയുടെ ശബ്ദമാണ് എഴുത്തുകാരുടെ വാക്കുകളിലൂടെ നാം കേട്ടത്. പൊതു പ്രവർത്തകരിൽ നിന്നും മറ്റ് എഴുത്തുകാരിൽ നിന്നും ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന പ്രതികരണങ്ങൾ തികച്ചും സ്വാഗതാർഹമാണ്. ഇതാണ് കേരളത്തിന്റെ പൊതുവികാരം. നിയമസഭാ തെരഞ്ഞെടുപ്പിൽ അത് പ്രതിഫലിക്കുക തന്നെ ചെയ്യും.

പ്രചാരണ
ജാഥകൾ തുടങ്ങി

# വർഗീയതയെ പാലൂട്ടിയും
# പീഡന പർവ്വം തുറന്നും

തെരഞ്ഞെടുപ്പ് പ്രചാരണ ജാഥകൾ പുറപ്പെടുമ്പോൾ ഭരണപക്ഷത്തിന് രാഹുൽ ദശ. പ്രതിപക്ഷത്തിനാകട്ടെ സ്വർണ്ണ പ്രതീക്ഷ. ബി.ജെ.പി. സഖ്യത്തിന് സുവർണ്ണ മോഹങ്ങൾ പൂവണിയില്ലെന്ന് ഉറപ്പുള്ളതിനാൽ 'രാഹുൽ ദശ'ക്കാരനെ രക്ഷിച്ചെടുത്താൽ കൊള്ളാമെന്നുണ്ട്. ഇടതുപക്ഷം ജയിച്ചാലും വേണ്ടില്ല. കോൺഗ്രസ്സ് ജയിക്കരുത്. ഭരണപക്ഷത്തിന്റെ എല്ലാ പ്രതീക്ഷയും രാഹുൽ മാങ്കൂട്ടത്തിൽ എന്ന കോൺഗ്രസ്സ് എം.എൽ.എ.യിലാണ്. ഇടതു പക്ഷത്തെ രക്ഷിക്കാൻ വന്ന മാലഖയാണ് രാഹുൽ മാങ്കുട്ടം

അനി കുര്യൻ
രാഷ്ട്രീയ നിരീക്ഷകൻ



തെരഞ്ഞെടുപ്പ് പ്രചാരണ ജാഥകൾക്ക് തുടക്കം കുറിക്കുമ്പോൾ എ. കെ. ബാലന്റെയും സജിചെറിയാന്റെയും നാവിൽ നിന്നും വീണ വർഗീയതയുടെ വിഷം പുരണ്ട വാക്കുകളും അതിന് പ്രചോദനമായി പിണറായിയുടെ പ്രതികരണവും മതേതര കേരളത്തെ നടുക്കി. ഒരു ദിവസത്തെപോലും ആയുസ്സില്ലാതിരുന്ന നായരീഴവ ഐക്യം ഒരു പൊറാട്ടു നാടകവുമായി. ഇനി പീഡന പർവം തുറന്ന് വോട്ടർമാരെ അതിൽ മയക്കികിടത്തുന്നതോടെ സംബന്ധ നാടകത്തിന് തിരശ്ശീല ഉയരുകയായി. പ്രചാരണത്തിന്റെ പേരിൽ എന്തെല്ലാം കോപ്രായങ്ങൾ നാം കാണാനിരിക്കുന്നു!

തെരഞ്ഞെടുപ്പ് പ്രചാരണ ജാഥകൾ പുറപ്പെടുമ്പോൾ ഭരണപക്ഷത്തിന് രാഹുൽ ദശ. പ്രതിപക്ഷത്തിനാകട്ടെ സ്വർണ്ണ പ്രതീക്ഷ. ബി.ജെ.പി. സഖ്യത്തിന് സുവർണ്ണ മോഹങ്ങൾ പൂവണിയില്ലെന്ന് ഉറപ്പുള്ളതിനാൽ 'രാഹുൽ ദശ'ക്കാരനെ രക്ഷിച്ചെടുത്താൽ കൊള്ളാമെന്നുണ്ട്. ഇടതുപക്ഷം ജയിച്ചാലും വേണ്ടില്ല. കോൺഗ്രസ്സ് ജയിക്കരുത്. ഭരണപക്ഷത്തിന്റെ എല്ലാ പ്രതീക്ഷയും രാഹുൽ മാങ്കൂട്ടത്തിൽ എന്ന കോൺഗ്രസ്സ് എം.എൽ.എ.യിലാണ്. അതല്ലാതെ ഭരണനേട്ടമൊന്നും പറയാനില്ലല്ലോ. രാഹുൽ സഹായിച്ചാൽ മൂന്നാമതൊരിക്കൽ കൂടി ഭരണതുടർച്ചയുണ്ടാകും എന്നാണ് കണക്കുകൂട്ടൽ. അതിന് വേണ്ട എല്ലാ പദ്ധതികളും അണിയറയിൽ ആസൂത്രണം ചെയ്തു വരികയാണ്. നാലാമതൊരു ബലാൽസംഗം കേസ്സ് കൂടി തട്ടി കൂട്ടാനൊക്കുമോ എന്നാണ് ആദ്യത്തെ പരീക്ഷണം. അത് സാധുവായാൽ പ്രചാരണ വേളയിൽ രാഹുലിനെ അറസ്റ്റ് ചെയ്ത് രണ്ടുമൂന്നു ദിവസം നീളുന്ന ഒരു പൊറാട്ട നാടകം അരങ്ങേറാൻ കഴിയും. ചാനലുകൾ അത് കത്തിക്കും. അതിനുവേണ്ടി രാഹുലിന്റെ പെൺബന്ധങ്ങൾ അരിച്ച് പെറുക്കുകയാണ്. ആടുകിടന്നിടത്ത് ഒരു പൂടയെങ്കിലും അവശേഷിക്കുമല്ലൊ. തെരഞ്ഞെടുപ്പ് കാലത്ത് അതുപോലും അമൂല്യമാണ്.

രാഹുൽ നിയമസഭാംഗമായി തുടരുന്നതിന്റെ നൈതികതയെ ചോദ്യം ചെയ്ത് നിയമസഭയിൽ

ഒരു പ്രമേയം കൊണ്ടുവന്ന മാങ്കൂട്ടത്തെ പുറത്താക്കാൻ എളുപ്പമാണ്. പക്ഷെ ഇനിയുള്ള കാലവും നിയമസഭയുണ്ടാകും. പീഡനകേസ്സുകളുമുണ്ടാകും. അന്നൊക്കെ സി.പി.എം. ഭരണത്തിലില്ലെങ്കിൽ ഇന്നത്തെ പ്പോലെ പീഡനക്കാരെ രക്ഷപ്പെടുത്താനാവില്ലല്ലോ. പലരും നാറും. അതിനാൽ പീഡനക്കാരെ നിയമസഭയിൽ നിന്നും പുറത്താക്കുക എന്നൊരു പുതിയ കീഴ് വഴക്കം സൃഷ്ടിക്കേണ്ട എന്നൊരു നിഗമനത്തിലേയ്ക്ക് സി.പി.എം. എത്തിച്ചേർന്നാലും അതിശയിക്കാനില്ല.

പ്രമേയം കൊണ്ടുവരികയാണ് അടുത്ത പദ്ധതി. അതിന് വേണ്ടുന്ന നിയമോപദേശങ്ങൾ ലഭിച്ചുകഴിഞ്ഞു. എന്നാലും ഒരു സംശയം ചില സി.പി.എം. നേതാക്കളെയെങ്കിലും അലട്ടുന്നുണ്ട്. ഈ നൈതികത തങ്ങൾക്കും ബാധകമല്ലേ എന്ന ചോദ്യം. ലൈംഗിക പീഡന കേസ്സിൽ കുറ്റപത്രം ലഭിച്ച എം. മുകേഷിനെ എം.എൽ.എ. യായി തുടരാൻ അനുവദിക്കുകയും സമാന പരാതികളിൽ ഉയർന്ന നേതാക്കളെയടക്കം പാർട്ടിതല അന്വേഷണ പ്രഹസനത്തിലൂടെ സംരക്ഷിച്ച് നിർത്തുകയും ചെയ്യുന്ന സി.പി.എമ്മിന് ഇക്കാര്യത്തിൽ കോൺഗ്രസ്സിനെ വിമർശിക്കാനുള്ള ഔന്നത്യമുണ്ടോ എന്ന് അവർ ചിലരെങ്കിലും സ്വയം ചോദിക്കുന്നുണ്ട്. കോൺഗ്രസ്സിൽ ഒരു മാങ്കൂട്ടമേയുള്ളൂ. സി.പി.എമ്മിൽ ഒന്നല്ല, പത്തല്ല....

ഒരു പ്രമേയം കൊണ്ടുവന്ന് മാങ്കൂട്ടത്തെ പുറത്താക്കാൻ എളുപ്പമാണ്. പക്ഷെ ഇനിയുള്ള കാലവും നിയമസഭയുണ്ടാകും. പീഡനകേസ്സുകളുമുണ്ടാകും. അന്നൊക്കെ സി.പി.എം. ഭരണത്തിലില്ലെങ്കിൽ ഇന്നത്തെ പ്പോലെ പീഡനക്കാരെ രക്ഷപ്പെടുത്താനാവില്ലല്ലോ. പലരും നാറും. അതിനാൽ പീഡനക്കാരെ നിയമസഭയിൽ നിന്നും പുറത്താക്കുക എന്നൊരു പുതിയ കീഴ് വഴക്കം സൃഷ്ടിക്കേണ്ട എന്നൊരു നിഗമനത്തിലേയ്ക്ക് സി.പി.എം. എത്തിച്ചേർന്നാലും അതിശയിക്കാനില്ല.

മാത്രവുമല്ല പ്രമേയം കൊണ്ടുവരുന്ന മുഹൂർത്തത്തിൽ രാഹുൽ രാജിവച്ചാൽ അത് തിരിച്ചടിയാകും. കോൺഗ്രസ്സിന്റെ പ്രതിഛായ ഒന്നുകൂടി ഉയരും. ആദ്യ പീഡന പരാതിവന്നപ്പോൾ രാഹുലിനെ യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പദവിയിൽ നിന്ന് നീക്കുകയും പാർട്ടിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്ത കോൺഗ്രസ്സ നേതൃത്വം രണ്ടാമത്തെ പരാതി വന്നപ്പോൾ പാർട്ടിയിൽ നിന്ന് പുറത്താക്കുകയും ചെയ്തു. ശ്ലാഘനീയമായ ആ നിലപാട് സ്വീകരിച്ച കോൺഗ്രസ്സ് നിയമസഭയിൽ പ്രമേയം വന്നാൽ രാഹുലിനോട് രാജി ആവശ്യപ്പെടുകതന്നെ ചെയ്യും. പാർട്ടി നിർദ്ദേശത്തിന് വഴങ്ങി രാഹുൽ നിയമസഭാംഗത്വത്തിൽ നിന്ന്



ഒഴിയുമെന്ന കാര്യത്തിലും സംശയം വേണ്ട. ഇതെല്ലാം കോൺഗ്രസ്സിന്റെ ഗ്രാഫ് ഉയർത്തുകയേയുള്ളൂ. അതിനാൽ നിയമസഭയിൽ നിന്നും രാഹുലിനെ പുറത്താക്കാനുള്ള നീക്കം എൽ.ഡി.എഫിന് ഒരുതരത്തിലും ഗുണകരമായിരിക്കില്ല. അഥവാ പുറത്താക്കിയാൽ കേരള നിയമസഭയുടെ ചരിത്രത്തിൽ സഭയിൽ നിന്നും പുറത്താക്കപ്പെടുന്ന ആദ്യ എം.എൽ.എ യായിരിക്കും രാഹുൽ. ഇങ്ങനെ അങ്ങേയറ്റം നാണംകെട്ട് പുറത്തുപോകുന്നതിനെക്കാൾ നല്ലത് നേരത്തെ സ്വയമേവ രാജിവച്ചൊഴിയുകയാണ്. അപഥ സഞ്ചാരികളെ നേതൃപദവികളിൽ നിന്ന് മാത്രമല്ല പ്രവർത്തക നിരയിൽ നിന്നുപോലും മാറ്റി നിർത്താൻ പ്രസ്ഥാനങ്ങൾക്ക് കഴിയണം. ഇല്ലെങ്കിൽ പാർട്ടി പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങൾക്ക് വിലയില്ലാതാകും. (തെരഞ്ഞെടുപ്പാക്കൽ സി.പി.എം. മൂല്യങ്ങൾ മറക്കും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വർഗ്ഗീയത ഇളക്കിവിട്ടാണ് അധികാരം പിടിച്ചതെങ്കിൽ ഇക്കുറി ഭൂരിപക്ഷ വർഗീയതയാണ് അവരുടെ തുറുപ്പ് ചീട്ട്. പിണറായിയും എ.കെ.ബാലനും സജി ചെറിയാനും പച്ചയ്ക്ക് വർഗീയത പറയുന്നത് നടുക്കത്തോടെയാണ് കേരളം കേട്ടത്. നായരീഴവ ഐക്യമൊക്കെ പടച്ചുവിട്ടത് അതിനുവേണ്ടിയാണ്. അപകടം

ഈ മറിമായങ്ങലെല്ലാം അരങ്ങ് തകർക്കുമ്പോൾ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വാക്കുകളാണ് ഏറ്റവും ആശ്വാസകരമായത്. തെരഞ്ഞെടുപ്പിൽ തോറ്റാലും ശരി വർഗീയതയെ പിന്താങ്ങാൻ യു.ഡി.എഫിനെ കിട്ടില്ല? അതായിരുന്നു സംശുദ്ധ രാഷ്ട്രീയത്തിന്റെ കാഹളം. പ്രബുദ്ധ കേരളത്തിന്റെ ശബ്ദം. സതീശന്റെ തന്നെ വാക്കുകൾ തുടരുന്നു തെരഞ്ഞെടുപ്പുകൾ വരും പോകും. പിണറായിയും വി.ഡി. സതീശനുമൊക്കെ ഓർമ്മയാകും. അപ്പോഴും നമ്മളുടെ മക്കളും അവരുടെ മക്കളും ഏകോദര സഹോദരങ്ങളെപോലെ ജീവിക്കണം. അതിന് വേണ്ടിയാകണം നമ്മുടെ രാഷ്ട്രീയം.

മനസ്സിലാക്കി

എൻ.എസ്.എസ്. തലയൂരുന്നതും നമ്മൾ കണ്ടു. ഈ മറിമായങ്ങലെല്ലാം അരങ്ങ് തകർക്കുമ്പോൾ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വാക്കുകളാണ് ഏറ്റവും ആശ്വാസകരമായത്. തെരഞ്ഞെടുപ്പിൽ തോറ്റാലും ശരി വർഗീയതയെ പിന്താങ്ങാൻ യു.ഡി.എഫിനെ കിട്ടില്ല? അതായിരുന്നു സംശുദ്ധ രാഷ്ട്രീയത്തിന്റെ കാഹളം. പ്രബുദ്ധ കേരളത്തിന്റെ ശബ്ദം

സതീശന്റെ തന്നെ വാക്കുകൾ തുടരുന്നു തെരഞ്ഞെടുപ്പുകൾ വരും പോകും. പിണറായിയും വി.ഡി. സതീശനുമൊക്കെ ഓർമ്മയാകും. അപ്പോഴും നമ്മളുടെ മക്കളും അവരുടെ മക്കളും ഏകോദര സഹോദരങ്ങളെപോലെ ജീവിക്കാണം. അതിന് വേണ്ടിയാകണം നമ്മുടെ രാഷ്ട്രീയം.



# അതിപ്രഗത്ഭരുടെ ആദ്യ നിയമസഭ

മാർട്ടിൻ ശബരിഗിരി

ഐക്യകേരളത്തിന്റെ ആദ്യ നിയമസഭയിൽ അണിനിരന്നത് അതിപ്രഗത്ഭന്മാർ. ഭരണപക്ഷത്ത് ഇ.എം.എസ്., പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, ജസ്ററിസ് വി.ആർ. കൃഷ്ണയ്യർ, സി. അച്യുതമേനോൻ തുടങ്ങിയവർ. പ്രതിപക്ഷത്താകട്ടെ പട്ടം താണുപിള്ള, പി.ടി. ചാക്കോ, സി.എച്ച മുഹമ്മദ്കോയ, തുടങ്ങിയവർ. കേരളത്തിലെ ഇന്നത്തെ സാമൂഹ്യ പരിഷ്ക്കാരങ്ങൾക്കെല്ലാം അടിത്തറയിട്ടത് പ്രഥമ സർക്കാരായിരുന്നു. അതിനുശേഷം അത്രത്തോളം ഉശിരുള്ള ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ ഉണ്ടായിട്ടില്ല.

ഐക്യകേരളം രൂപീകരിച്ചതിന് ശേഷമുള്ള ആദ്യത്തെ നിയമ സഭാ തെരഞ്ഞെടുപ്പും രണ്ടാം ലോക് സഭാ തെരഞ്ഞെടുപ്പു 1957 ഫെബ്രുവരി 28നായിരുന്നു. 114 മണ്ഡലങ്ങളിൽ നിന്നായി 126 പേരെ നിയമസഭയിലേയ്ക്കും 17 മണ്ഡലങ്ങളിൽ നിന്നായി 18 പേരെ ലോകസഭയിലേക്കും തെരഞ്ഞെടുക്കണം. നിയമസഭാ മണ്ഡലങ്ങളിൽ 12 എണ്ണം ദ്വയാംഗ മണ്ഡലങ്ങളായിരുന്നു. ഇവയിൽ 11 എണ്ണം പട്ടിക ജാതിക്കാർക്കും ഒരു മണ്ഡലം പട്ടിക വർഗ്ഗക്കാർക്കും സംവരണം ചെയ്തതായിരുന്നു. നിയമസഭയിലേയ്ക്ക് മൊക്കം 406 സ്ഥാനാർത്ഥികൾ മത്സരിച്ചു. 65.48 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

നിയമസഭാതെരഞ്ഞെടുപ്പിൽ ആദ്യ വിജയം നേടിയത് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. 60 സ്വന്തം സ്ഥാനാർത്ഥികളെയും അഞ്ച് സ്വതന്ത്രന്മാരെയും ജയിപ്പിച്ച് സി.പി.ഐ. ഒറ്റയ്ക്ക് അധികാരത്തിലെത്തി. ലോകത്തിൽ ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി ബാലറ്റിലൂടെ അധികാരത്തിലെത്തി എന്ന ഖ്യാതിയും സി.പി.ഐക്ക് സ്വന്തം.

ലോക് സഭയിലേയ്ക്ക് തിരുവിതാം കൂറിൽ മികച്ച വിജയം സി.പിഐക്കായിരുന്നു. മലബാറിൽ അത്രത്തോളം വിജയം ഉണ്ടായില്ല.

1957 ഏപ്രിൽ 5ന് ആലപ്പുഴ വലിയ ചുടുകാട്ടിൽ പുന്നപ്ര വയലാർ രക്തസാക്ഷി കൾക്കും പി. കൃഷ്ണപിള്ള യ്ക്കും ആദരാഞ്ജലികൾ അർപ്പിച്ചശേഷം ഇ.എം.എസ്. മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുത്തു. പതിനൊന്നാം മന്ത്രി സഭ യ്ക്കാണ് അദ്ദേഹം നേതൃത്വം നൽകിയത്. ഐക്യ കേരള ത്തിന്റെ പ്രത്യാശകൾക്കും പ്രതീക്ഷകൾക്കും സമൂർത്ത മായ ഒരു മാർഗ്ഗരേഖ തയ്യാറാ ക്കാനുള്ള ബാധ്യത ആ മന്ത്രിസഭയ്ക്കായിരുന്നു. അന്നത്തെ മന്ത്രി സഭാംഗങ്ങ ളെല്ലാം അതി പ്രഗത്ഭരായി രുന്നു ഇത്രത്തോളം പ്രതി ഭാധനഞ്ജർ ഉൾപ്പെട്ട ഒരു മന്ത്രി സഭ പിന്നീടൊരിക്കലും ഉണ്ടായിട്ടില്ല.



കാസർകോട് എ.കെ.ജിയുടെ വിജയം ആശ്വാസമായി.

നിയമസഭയിൽ 10 സീറ്റുകളി ലാണ് സി.പി.ഐ മത്സരിച്ചത്. 124 സീററുകളിൽ മത്സരിച്ച കോൺഗ്രസ് 43 സീറ്റുകൾ നേടി. 28 സീറ്റുകളിൽ മത്സരിച്ച ആർ.എ സ്.പിക്ക് ഒരു സീറ്റും നേടാനായില്ല. 86 കക്ഷിരഹിത സ്വതന്ത്ര സ്ഥാനാർത്ഥികൾ മത്സരിച്ചതിൽ 14 പേർക്ക് മാത്രമേ വിജയിക്കാൻ കഴിഞ്ഞുള്ളൂ. ഒമ്പത് വനിതാ സ്ഥാനാർത്ഥികളിൽ അഞ്ചുപേർ വിജയിച്ചു. ഓരോ ഇടത്തിലും സി.പി.ഐ യുടെ അരിവാൾ പെട്ടിയും കോൺഗ്രസ്സിന്റെ കാളപ്പെട്ടിയും പി.എസ്. പി.യുടെ കുടം പെട്ടിയും സജ്ജമാക്കിയിരുന്നു.

സി.പി.ഐ നേതാക്കളായ ഇ.എം.എസ്. നമ്പൂതിരിപ്പാട് നിലേശ്വരം മണ്ഡലത്തിലും സി. അച്ചുതമേനോൻ, ഇരിഞ്ഞാ ലക്കുല മണ്ഡലത്തിലും ടി.വി. തോമസ് ാലപ്പുഴയിലും കെ.ആർ. ഗൗരിയമ്മ ചേർത്തലയിലും വിജ യിച്ചു. കോൺഗ്രസ്സ് നേതാവ് പന മ്പിള്ളി ഗോവിന്ദമേനോൻ ചാലക്കുടി മണ്ഡലത്തിൽ പരാജയപ്പെട്ടു.

1957 ഏപ്രിൽ 5ന് ആലപ്പുഴ വലിയ ചുടുകാട്ടിൽ പുന്നപ്ര വയലാർ രക്തസാക്ഷികൾക്കും പി. കൃഷ്ണപിള്ളയ്ക്കും ആദ രാഞ്ജലികൾ അർപ്പിച്ചശേഷം ഇ.എം.എസ്. മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുത്തു. പതിനൊന്നാം മന്ത്രി സഭയ്ക്കാണ് അദ്ദേഹം നേതൃത്വം നൽകിയത്. ഐക്യ കേരളത്തിന്റെ പ്രത്യാശകൾക്കും പ്രതീക്ഷകൾ ക്കും സമൂർത്തമായ ഒരു മാർഗ്ഗ രേഖ തയാറാക്കാനുള്ള ബാധ്യത ആ മന്ത്രിസഭയ്ക്കായിരുന്നു.

അന്നത്തെ മന്ത്രി സഭാംഗങ്ങളെല്ലാം അതി പ്രഗത്ഭരായിരുന്നു ഇത്ര ത്തോളം പ്രതിഭാധനഞ്ജർ ഉൾപ്പെട്ട ഒരു മന്ത്രി സഭ പിന്നീടൊരിക്കലും ഉണ്ടായിട്ടില്ല. പാണ്ഡിത്യവും പ്രാഗത്ഭവ്യം തീഷ്ണമായ സമരാനുഭവങ്ങളും ഒരുമിച്ച വ്യക്തിത്വങ്ങൾ അവരേ ക്കാൾ കിട പിടിക്കുന്നതായിരുന്നു പ്രതിപക്ഷ നിരയും. പട്ടം താണു പിള്ള, പി.ടി. ചാക്കോ, സി.എച്ച്

## മന്ത്രിമാർ



ജോസഫ് മുണ്ടശ്ശേരി



വി. ആർ. കൃഷ്ണയ്യർ



സി. അച്യുത മേനോൻ




കെ. ആർ. ഗൗരിയമ്മ

## പ്രതിപക്ഷ നേതാക്കൾ



പട്ടം എ. താണുപിള്ള



പി. ടി. ചാക്കോ



സി. എച്ച്. മുഹമ്മദ് കോയ



കേരളത്തിലെ ആദ്യ മന്ത്രിസഭാംഗങ്ങൾ

**കർഷകർക്കും കർഷകതൊഴിലാളികൾക്കും കുടികിടപ്പുകാർക്കും ആഹ്ളാദമായി. തുടർന്ന് രണ്ടു വർഷത്തിനകം ഭൂപരിഷ്കരണ നിയമം പാസ്സാക്കി. അടുത്തത് വിദ്യാഭ്യാസ നിയമമായിരുന്നു. സർക്കാർ സ്കൂളുകളേതുപോലെ സ്വകാര്യ സ്കൂളുകളിലും അധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നതിന് നിയമമായി. ഒപ്പം അധ്യാപക നിയമനത്തിന് പൊതുമാനദണ്ഡങ്ങളും നിലവിൽ വന്നും. മാനേജ് മെന്റുകളുടെ അധികാരങ്ങൾ കവരുന്നു എന്ന പേരിൽ വലിയ എതിർപ്പുണ്ടായി. അധികാരവികേന്ദ്രീകരണ ത്തിനായി രണ്ട് ബില്ലുകളും സഭയിൽ അവതരിപ്പിച്ചു.**

മുഹമ്മദ്കോയ തുടങ്ങിയവരട ങ്ങിയ പ്രതിപക്ഷ നിര നിയമസഭയ് ക്കകത്തും പുറത്തും സർക്കാരിന് തലവേദന സൃഷ്ടിച്ചുകൊണ്ടിരുന്നു. കേന്ദ്ര സർക്കാരിന്റെ പിന്തുണ കൂടിയുള്ളതുകൊണ്ട് പ്രതിപക്ഷം ആസൂത്രിതമായ പ്രക്ഷോഭങ്ങൾക്ക് പടയൊരുക്കം തുടങ്ങി.

മുഹമ്മദ്കോയ തുടങ്ങിയവരട ങ്ങിയ പ്രതിപക്ഷ നിര നിയമസഭയ് ക്കകത്തും പുറത്തും സർക്കാരിന് തലവേദന സൃഷ്ടിച്ചുകൊണ്ടിരുന്നു. കേന്ദ്ര സർക്കാരിന്റെ പിന്തുണ കൂടിയുള്ളതുകൊണ്ട് പ്രതിപക്ഷം ആസൂത്രിതമായ പ്രക്ഷോഭങ്ങൾക്ക് പടയൊരുക്കം തുടങ്ങി.

അതേസമയം അധികാര ത്തിലെത്തി ആറാമത്തെ ദിവസം തന്നെ ഒഴിപ്പിക്കൽ തടഞ്ഞുകൊ ണ്ടുള്ള ഓർഡിനൻസ് കൊണ്ടുവ ന്നത് രാജ്യത്താകെ വലിയ ചലനം സൃഷ്ടിച്ചു. ഭൂപരിഷ്കരണത്തിലേയ് ക്കുള്ള ചുവടുവെപ്പായിരുന്നു അത്. കർഷകർക്കും കർഷകതൊഴിലാ ളികൾക്കും കുടികിടപ്പുകാർക്കും ആഹ്ളാദമായി. തുടർന്ന് രണ്ടു വർഷത്തിനകം ഭൂപരിഷ്കരണ നിയമം പാസ്സാക്കി. അടുത്തത് വിദ്യാഭ്യാസ നിയമമായിരുന്നു. സർക്കാർ സ്കൂളുകളേതുപോലെ സ്വാകര്യ സ്കൂളുകളിലും അധ്യാ പകർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നതിന് നിയമമായി. ഒപ്പം അധ്യാപക നിയമനത്തിന് പൊതു മാനദണ്ഡങ്ങളും നിലവിൽ വന്നും. മാനേജ് മെന്റുകളുടെ അധികാ രങ്ങൾ കവരുന്നു എന്ന പേരിൽ വലിയ എതിർപ്പുണ്ടായി. അധികാ രവികേന്ദ്രീകരണത്തിനായി രണ്ട് ബില്ലുകളും സഭയിൽ അവതരിപ്പിച്ചു.

ബില്ലുകൾ പാസ്സാക്കി നിയമസഭാ സമ്മേളനം അവസാനി ച്ചപ്പോഴേയ്ക്കും വിമോചന സമര ത്തിന് തുടക്കമായി. 1959 ജൂൺ 13ന് ആരംഭിച്ച ഈ സമരത്തിൽ

അങ്കമാലിയിലടക്കം ഒട്ടേറെ കേന്ദ്രങ്ങളിൽ പോലീസ് വെടി വെപ്പുണ്ടായി. കകുറെയധികം പേർ കൊല്ലപ്പെട്ടു. ഒടുവിൽ 1959 ജൂലൈ 31ന് മന്ത്രിസഭയെ രാഷ്ട്രപതി പിരിച്ചുവിട്ടു. അങ്ങനെ ആദ്യത്തെ ജനകീയ മന്ത്രിസഭ പാതിവഴിയിൽ പിരിഞ്ഞു പോകുകയായിരുന്നു.

വിമോചന സമരം ക്രമസമാ ധാനപാലനം അവതാളത്തിലാക്കി യതിനൊപ്പം സംസ്ഥാനത്തൊട്ടാ കെ ഭക്ഷ്യക്ഷാമം രൂക്ഷമാകുകയും ചെയ്തിരുന്നു. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തിരുവനന്തപുരത്തെത്തി ഭരണ പ്രതിപക്ഷ നേതാക്കളുമായി ചർച്ച നടത്തിയെങ്കിലും ഫലമൊന്നുമു ണ്ടായില്ല. സംസ്ഥാനത്ത് ഭരണ സ്തംഭനം ഉണ്ടെന്ന ഗവർണ്ണറുടെ റിപ്പോർട്ട് കണക്കിലെടുത്താണ് ഭരണഘടനയുടെ 356-ാം വകുപ്പ് പ്രകാരം സർക്കാരിനെ പിരിച്ചുവിട്ടത്.

ഇൻഡ്യൻ രാഷ്ട്രീയത്തിലെ ഏക്കാലത്തെയും കറുത്ത ധ്യായമായി അത്. പിന്നീട് കാലാ കാലങ്ങളിൽ ഇതേ വകുപ്പ് അനുസ രിച്ചുതന്നെ പല സംസ്ഥാന ഗവൺ മെന്റുകളും പിരിച്ചുവിടപ്പെട്ടു.

ആദ്യമന്ത്രി സഭയിലെ മന്ത്രിമാരുടെ ശമ്പളം 500 രൂപ യായിരുന്നു. എന്നാൽ മിക്ക മന്ത്രി മാരും 350 രൂപ മാത്രമെ കൈപ്പററു കയുള്ളൂ എന്ന് രേഖാമൂലം എഴുതി അറിയിച്ചു. ഇന്നാണെങ്കിലോ?

അക്രമം വർധിക്കുന്നു എന്ന് ആരോപണം ഉയർന്നപ്പോൾ അത് പരിശോധിക്കാൻ പ്രതിപക്ഷം തന്നെ അനൗദ്യോഗിക അന്വേഷണ സമിതിയെ നിയോഗി ക്കാൻ നിർദ്ദേശിച്ച സർക്കാരായി രുന്നു ഇ.എം.എസിന്റേത്. ഇന്ന് അങ്ങനെയൊരു നിർദ്ദേശം സ്വപ്നം കാണാനാകുമോ?

അതെ, അന്നത്തെ രാഷ്ട്രീയ ക്കാർക്ക് ഹൃദയ വിശാലത ഉണ്ടാ യിരുന്നു. ഇന്നാണെങ്കിലോ ഹൃദയ ശൂന്യരും...




കൊച്ചുത്രേസ്യാ ജോയി

# അനധികൃത നിയമനങ്ങൾ സ്ഥിരപ്പെടുത്തി തുടങ്ങി

# ഇനിയും പൂട്ടാത്ത പിൻ വാതിൽ

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വെറും നോക്കുകുത്തി**

**ഇതുവരെ രജിസ്റ്റർ ചെയ്തവർ 25 ലക്ഷം**

**2021 മുതൽ 2024 വരെ നിയമനങ്ങൾ 14,216 മാത്രം**

നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാത്ത സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സചേഞ്ചുകൾ വഴി മാത്രമേ താത്ക്കാലിക നിയമനങ്ങൾ നടത്താവൂ എന്നാണ് 1959 ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വാക്കൻസി ആക്റ്റിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ നിയമത്തിന്റെ പരസ്യമായ ലംഘനമാണ് ഒരു പതിറ്റാണ്ടായി നടന്നു കൊണ്ടിരിക്കുന്നത്. തൊഴിലില്ലാതെ കഷ്ടപ്പെടുന്ന യുവജനങ്ങളുടെ തേങ്ങലുകളും വിങ്ങലുകളും തിരിച്ചറിയാൻ കൂട്ടാക്കാത്ത ഒരു സർക്കാരിന്റെ ഹൃദയ ശൂന്യതയും ധാർഷ്ട്യവുമാണ് ഇതിലൂടെ വെളിവാകുന്നത്.

ഒരു പതിറ്റാണ്ടു കാലത്തിനിടയ്ക്ക് സംസ്ഥാനത്ത് നടന്നത് പതിനായിരകണക്കിന് അനധികൃത നിയമനങ്ങൾ. വ്യവസ്ഥാപിത സംവിധാനങ്ങളെ അട്ടിമറിച്ച് പിൻവാതിലിലൂടെ വേണ്ടപ്പെട്ടവരെ തിരുകി കയറ്റുന്നു. ബന്ധു നിയമനങ്ങളും അഴിമതിയും നടത്താനുള്ള രാഷ്ട്രീയ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും താല്പര്യങ്ങളാണ് ഇതിന് പിന്നിൽ. ഇപ്പോഴത്തെ ഇടതുമുന്നണി സർക്കാരിന്റെ കാലത്താണ് ഈ ക്രമക്കേട് സർവ സ്ഥാപനങ്ങളിലേയ്ക്ക് പടർന്നു പിടിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ വിവിധ വകുപ്പുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും നടന്ന അനധികൃത നിയമനങ്ങളെ കുറിച്ച് സർക്കാർ വിശദ പഠനം നടത്തണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാരകമ്മീഷൻ ശുപാർശ ചെയ്തതെങ്കിലും ഫലമൊന്നുമുണ്ടായില്ല.

25 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുമ്പോഴാണ് പിൻവാതിൽ നിയമനങ്ങൾ തകൃതിയായി നടന്നു കൊണ്ടിരിക്കുന്നത്. പല വകുപ്പുകളും താത്ക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നില്ല. ഉദ്യോഗസ്ഥ - ഭരണ പരിഷ്കാര വകുപ്പ് പഠനം നടത്തിയ 2022-23 ൽ അധ്യാപക തസ്തികകളും പഞ്ചായത്ത് വകുപ്പിലെ താത്ക്കാലിക കരാർ തസ്തികകളും എംപ്ലോയ്മെന്റിൽ അറിയിച്ചിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുമാത്രമാണ് അക്കൊല്ലം റിപ്പോർട്ട് ചെയ്തത്.

കമ്മീഷന്റെ മറ്റ് ശുപാർശകൾ: എല്ലാ വകുപ്പുകളിലും സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിലും മാസം തോറും സ്ഥിരം, കരാർ, താത്കാലിക ഒഴിവുകൾ അറിക്കാനും നിയമന പരാതികൾ പരിഹരിക്കാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക 2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കുള്ള ഉപദേശക സംവിധാനമാക്കുക. 3) എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിലൂടെ ശേഖരിക്കുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ടെക്നോപാർക്കിലെ ഡേറ്റ സെന്ററിൽ സൂക്ഷിക്കുന്നത് സുരക്ഷിത മല്ലാത്തതിനാൽ ഡേറ്റ ബാക്കപ്പിനായി വകുപ്പ് ഡയറക്ടറേറ്റിൽ പുതിയ സെർവർ സ്ഥാപിക്കുക.

1200 തദ്ദേശ സ്ഥാപനങ്ങളിലായി പതിനായിര

**ബന്ധു നിയമനങ്ങളും അഴിമതിയും നടത്താനുള്ള രാഷ്ട്രീയ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും താല്പര്യങ്ങളാണ് ഇതിന് പിന്നിൽ. ഇപ്പോഴത്തെ ഇടതുമുന്നണി സർക്കാരിന്റെ കാലത്താണ് ഈ ക്രമക്കേട് സർവ സ്ഥാപനങ്ങളിലേയ്ക്ക് പടർന്നു പിടിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ വിവിധ വകുപ്പുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും നടന്ന അനധികൃത നിയമനങ്ങളെ കുറിച്ച് സർക്കാർ വിശദ പഠനം നടത്തണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര കമ്മീഷൻ ശുപാർശ ചെയ്തതെങ്കിലും ഫലമൊന്നുമുണ്ടായില്ല.**

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനങ്ങൾ

**(2021 മേയ് 20 മുതൽ 2024 മേയ് 20 വരെ)**

| | |
|---|---|
| ആരോഗ്യം | - 6972 |
| തദ്ദേശ സ്വയം ഭരണം | - 2783 |
| വാട്ടർ അതോറിറ്റി | - 2037 |
| ഉന്നത വിദ്യാഭ്യാസം | - 1102 |
| സാങ്കേതിക വിദ്യാഭ്യാസം | - 670 |
| പൊതുവിദ്യാഭ്യാസം | - 323 |
| വനം | -150 |
| സഹകരണ ബാങ്കുകൾ | - 177 |
| കെ.എസ്.ആർ.ടി.സി. | - 2 |

നിയമസഭാ രേഖയിൽ നിന്ന്)




ത്തിലധികം ഒഴിവുകൾ ഉണ്ടാകുന്നുണ്ടെങ്കിലും നിയമനം 2783 മാത്രമാണെന്ന് കാണാം.

നിയമനങ്ങൾക്കകായി പിൻവാതിൽ തുറന്നുകൊടുക്കുന്നവർ നാടിനെയും ഉദ്യോഗാർത്ഥികളെയും വഞ്ചിക്കുകയാണെന്നതിൽ സംശയമില്ല. സർക്കാർ അർധ സർക്കാർ, കമ്പനി, കോർപ്പറേഷൻ, നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടില്ലെങ്കിൽ അവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനമാത്രമെ നിയമനം നടത്താവൂ എന്നാണ് കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്റ്റിൽ (1959) വ്യക്തമാക്കിയിട്ടുള്ളത്. പിൻവാതിലിലൂടെ നിയമിക്കപ്പെടുന്നവരെ പിൻവാതിലിലൂടെ തന്നെ പുറത്താക്കണമെന്ന സുപ്രീം കോടി ഭരണഘടനാ ബഞ്ചിന്റെ വിധി ഉദ്ധരിച്ചും അനുബന്ധ വിധികൾ ചൂണ്ടിക്കാട്ടിയും ഉത്തരവുകളേറെ ഇറങ്ങിയിട്ടുണ്ടെങ്കിലും ഭരണത്തിന്റെ മറവിൽ ഇതെല്ലാം മൂടിവയ്ക്കപ്പെടുകയാണ്.

പിൻവാതിൽ ഇനിയും അടച്ചുപൂട്ടാതിരിക്കുന്നത് യുവകേരളത്തോടുള്ള വെല്ലുവിളിയാണ്. തൊഴിലില്ലാതെ അലയുന്നവരുടെ നെഞ്ചിലെ വിങ്ങലും തേങ്ങലും തിരിച്ചറിയേണ്ട സർക്കാർ സൗകര്യപൂർവ്വം അത് കാണാതെ പോകുന്നത് ഹൃദയശൂന്യതയാണെന്ന് പറഞ്ഞേ തീരു... ആരുടെയും ഇടപെടലും സ്വാധീനവും അവകാശപ്പെടാനില്ലാത്ത പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളാണ് അനധികൃത നിയമനങ്ങളിലൂടെ പിന്നോക്കം തള്ളപ്പെടുന്നതെന്ന തിരിച്ചറിവ്വ് രാഷ്ട്രീയ - അധികാര കേന്ദ്രങ്ങൾക്കുണ്ടാകണം സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് സ്ഥിരം നിയമനങ്ങൾ ഇല്ലാതാകുമ്പോൾ പകരമായി നടക്കുന്ന താത്ക്കാലിക നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി നിയമനം നേടാനുള്ള ശ്രമത്തിനിടെ യുവതി പിടിയിലായ സംഭവമടക്കം സാധ്യമാകുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലുള്ള സംവിധാനങ്ങൾ അട്ടിമറിക്കപ്പെടുമ്പോഴാണ് . സ്ഥിരം തൊഴിൽ കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ താത്ക്കാലിക നിയമനങ്ങളെങ്കിലും അർഹതയായവർക്ക് ലഭിക്കണ്ടേ? നിതിയും ന്യായവും നടപ്പാക്കുകയല്ലേ ഒരു സർക്കാരിന്റെ കർത്തവ്യം

**ആരുടെയും ഇടപെടലും സ്വാധീനവും അവകാശപ്പെടാനില്ലാത്ത പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളാണ് അനധികൃത നിയമനങ്ങളിലൂടെ പിന്നോക്കം തള്ളപ്പെടുന്നതെന്ന തിരിച്ചറിവ്വ് രാഷ്ട്രീയ - അധികാര കേന്ദ്രങ്ങൾക്കുണ്ടാകണം സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് സ്ഥിരം നിയമനങ്ങൾ ഇല്ലാതാകുമ്പോൾ പകരമായി നടക്കുന്ന താത്ക്കാലിക നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്**

## ഒരു അനുഭവകുറിപ്പ്



# മനുഷ്യരെക്കാൾ നന്ദിയുണ്ട് മരങ്ങൾക്ക്

**അന്തരിച്ച പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിലിന്റെ സംസ്കാര ചടങ്ങ് പകർത്താനെത്തിയ പ്രശസ്ത പിക്ചർ എഡിറ്റർ ആർ.എസ്. ഗോപൻ പങ്കുവെച്ച ഒരു അനുവഭവകുറിപ്പാണിത്.**

പൂനെ നവിപേടിലുള്ള ശ്മാശനത്തിലേയ്ക്ക് പ്രൊഫസർ മാധവ് ഗാഡ്ഗിനൽ മണ്ണിനോട് യാത്ര പറയുന്ന നിമിഷങ്ങൾ ക്യാമറയിൽ പകർത്താൻ പോകുമ്പോൾ തിക്കിലും തിരക്കിലും പെട്ട് എങ്ങനെ അദ്ദേഹത്തിന്റെ അടുത്തെത്തും എന്നതായിരുന്നു ആശങ്ക.

മഹാരാഷ്ട്രയിലെ വി.ഐ.പികൾ, മന്ത്രിമാർ,എം.എൽ.എ.മാർ, പത്മഭൂഷൺ ജേതാവായ ഈ മണ്ണിന്റെ മഹാന് ആദരാഞ്ജലി അർപ്പിക്കാൻ തിരക്ക് കൂട്ടുന്നുണ്ടാകുമല്ലോ. മറാത്ത മാധ്യമങ്ങളുടെ ക്യാമറയും മറ്റുമായുള്ള തിരക്ക് വേറെയും

അവിടെ ചെന്നപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. എനിക്ക് സ്ഥലം തെറ്റിയതാകുമെന്നാണ് ആദ്യം കരുതിയത്. ആകെ നാൽപതോ അൻപതോ പേർ.

കൊടിവച്ച കാറുകളിൽ ആരും അദ്ദേഹത്തെ കാണാൻ വന്നിട്ടില്ല. രാഷ്ട്രീയക്കാരുടെ തിരക്കില്ല. പത്മഭൂഷൺ ജേതാവിന് അന്ത്യയാത്ര ചൊല്ലാനും ഉപചാരാ മർപ്പിക്കാനും ഒരു മന്ത്രി പോലുമില്ല. എന്തിന് സ്ഥലത്തെ എം.എൽ.എ. പോലുമില്ല. മറാത്ത, ഇംഗ്ലീഷ്, ഹിന്ദി മാധ്യമ പ്രവർത്തകരെയും കാണാനില്ല.

വളരെ കുറച്ച് മനുഷ്യ സ്നേഹികളുടെ ഇടയിൽ വെറും മണ്ണിൽ വെള്ള പുതച്ചുകിടക്കുന്ന സഹ്യന്റെ പുത്രൻ.

ഔദ്യോഗിക ബഹുമതിയോടെയുള്ള സംസ്കാരമാണ്. ഉപചാരമർപ്പിക്കാനെത്തിയ പോലീസ് സംഘം വഴിതെറ്റി വേറെ എങ്ങോട്ടോ പോയിരിക്കുന്നു. അരമണിക്കൂർ എല്ലാവരും കാത്തുനിന്നു. പോലീസുകാർ എങ്ങനെയൊക്കെയോ വഴി കണ്ടുപിടിച്ചുവരുന്നതുവരെ അനാഥ മൃതദേഹത്തെ ഓർമ്മിപ്പിച്ച മണ്ണിൽ കിടക്കുന്ന മാധവ് ഗാഡ്ഗിൽ.

രണ്ട് വർഷം മുമ്പ് യു.എൻ. ചാമ്പ്യൻ ഓഫ് എർത്ത് ബഹുമതി നൽകി ആദരിച്ച മനുഷ്യന് ആ മണ്ണിൽ ആരുടെയും ശല്യമില്ലാതെ ഉറങ്ങികിടക്കാനാകും ഇഷ്ടം.

എങ്കിലും മനുഷ്യർക്ക് തീരെ നന്ദിയില്ലാതെ പോയല്ലോ എന്ന് ചിന്തിച്ച് ചുറ്റും നോക്കുമ്പോൾ എങ്ങും നിശബ്ദത. കാറ്റിൽ പോലും തലയാട്ടാതെ ഉപചാരപൂർവ്വം നിൽക്കുന്നു മരങ്ങൾ. മനുഷ്യനേക്കാൾ നന്ദി മരങ്ങൾക്കാണ്.

ആ മരങ്ങളുടെ പശ്ചാത്തലത്തിൽ മാധവ് ഗാഡ്ഗിലിനെ അവസാനമായി പകർത്തി തിരിച്ചു നടന്നപ്പോൾ ഫ്രെയിം നിറഞ്ഞു, മനസ്സും.

വൻമരങ്ങൾ വീഴുമ്പോൾ ചുറ്റുമുള്ള മരങ്ങൾ ഇങ്ങനെ ഇലയനക്കാതെ ഔദ്യോഗിക ബഹുമതി അർപ്പിക്കുന്നുണ്ടാകും അല്ലേ ?


പുതുയുഗ
സൃഷ്ടിക്കായി....
ആശംസകളോടെ
INDIAN NATIONAL TRADE UNION CONGRESS

(INDIAN THOZHILALY ONLINE MAGAZINE)
FEBRUARY 2026

www.indianthozhilaly.com

